# ദൈവരാജ്യം

കോതമംഗലം രൂപതാബുള്ളറ്റിൻ

നവംബർ 2026 വാല്യം 65 ലക്കം 11

# പൗരോഹിത്യ ജൂബിലി ആശംസകൾ

## Golden Jubilee

Rev. Fr. Jose Monippilly

Rev. Fr. George Thekkeattath

Rev. Fr. Joseph Velliamthadam

Rev. Fr. Paul Nedumpurath

## Silver Jubilee

Rev. Fr. Antony Pulimalayil

Rev. Fr. Johnson Oroplackal

Rev. Fr. Francis Pittappillil

Rev. Fr. Thomas Kalariparambil

# ദൈവരാജ്യം

## കോതമംഗലം രൂപതാബുള്ളറ്റിൻ

2026 വാല്യം 65 ലക്കം 11


| | |
|---|---|
| **PATRON** | Mar George Madathikandathil<br>Bishop of Kothamangalam |
| **EDITOR** | Rev. Fr. Jose Kulathoor |
| **PRINTER & PUBLISHER** | Rev. Dr. George Thekkekara |


The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
8281946306, bishophouseklm@gmail.com

# ഉള്ളടക്കം

2026 വാല്യം 65 ലക്കം 9
കോതമംഗലം രൂപതാബുള്ളറ്റിൻ

| | |
|---|---|
| Circular | 05 |
| രൂപതക്കച്ചേരി | 09 |
| Odisha Mission | 13 |
| മൈനർ സെമിനാരി | 15 |
| വിജ്ഞാനഭവൻ | 15 |
| Corporate Educational Agency | 23 |
| Nirmala Civil Service Academy | 23 |
| സോഷ്യൽ സർവീസ് | 24 |
| ചെറുപുഷ്പ മിഷൻലീഗ് | 26 |
| കെ.സി.എസ്.എൽ | 28 |
| ഫാമിലി അപ്പോസ്തലേറ്റ് | 29 |
| പ്രോലൈഫ് | 30 |
| പിതൃവേദി | 31 |
| മാതൃവേദി | 32 |
| യൂദിത്ത് മിനിസ്ട്രി | 33 |
| മദ്യവിരുദ്ധ സമിതി | 35 |
| യുവദീപ്തി-KCYM | 36 |
| ജീസസ് യൂത്ത് | 38 |
| പ്രാർത്ഥനാഗ്രൂപ്പ് | 39 |
| St. Vincent De Paul Society | 40 |
| കേരള ലേബർ മൂവ്മെന്റ് | 41 |
| ഇൻഫാം | 42 |
| നെസ്റ്റ് പ്രോഗ്രാം | 43 |
| തിരുനാൾ മംഗളങ്ങൾ | 43 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 44 |
| Bishop’s Engagements | 47 |
| നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം | 48 |
| നിര്യാതരായി | 49 |

Circular No. 5/2026

ഈശോയിൽ സ്നേഹം നിറഞ്ഞ വൈദികരേ, സിസ്റ്റേഴ്സ്, സഹോദരീ സഹോദരന്മാരേ,

നമ്മുടെ രക്ഷകനും നാഥനുമായ ഈശോമിശിഹായെ ഈ ലോകത്തിന്റെ മുഴുവൻ രാജാവും നിയന്താവുമായി ഏറ്റുപറയുന്ന ക്രിസ്തുരാജന്റെ തിരുനാൾ ഈ മാസം നാം ആഘോഷിക്കുകയാണ്. ഈശോയെ രാജാവായി പ്രഘോഷിക്കുക എന്നാൽ അവിടുത്തേക്ക് നമ്മുടെ ജീവിതത്തിന്റെ സർവാധികാരം ഏൽപ്പിക്കുക എന്നതാണ്. ദൈവത്തെ രാജാവായി അംഗീകരിച്ച് ജീവിതവും ജീവിത സാഹചര്യങ്ങളും അവിടുത്തേക്ക് വിട്ടുകൊടുക്കുന്നവർക്ക് സമാധാനവും ആത്മവിശ്വാസവും പ്രതീക്ഷയും ലഭിക്കും എന്നത് കാലം തെളിയിച്ച വസ്തുതയാണ്. ഒന്നാം ലോകമഹായുദ്ധത്തിന് ശേഷം ലോകം മുഴുവൻ വലിയ നിരാശയിലേക്കും സംഘർഷങ്ങളിലേക്കും സാമ്പത്തിക സാമൂഹ്യ അരക്ഷിതാവസ്ഥയിലേക്കും നീങ്ങിയ സാഹചര്യത്തിലാണ് 1925-ൽ പതിനൊന്നാം പീയൂസ് മാർപാപ്പ ക്രിസ്തുരാജന്റെ തിരുനാൾ സ്ഥാപിച്ചത്. 'ധാർമിക അടിത്തറയും ആത്മീയ ശക്തിയുമാണ് മാനവകുലത്തിന് രാഷ്ട്രീയ അധികാരത്തെക്കാൾ ആവശ്യം' എന്ന മാർപാപ്പയുടെ വാക്കുകൾ അന്ന് ലോകം ഏറ്റെടുത്തു.

ഈശോയുടെ ആത്മീയ, ധാർമിക അധികാരത്തിൻ കീഴിൽ ലോകം ചലിക്കുമ്പോൾ സ്നേഹം, സാഹോദര്യം, സമാധാനം എന്നിവ സ്ഥാപിതമാകും. ഈ കാലഘട്ടത്തിലും ഈ നന്മകളാണ് മാനവകുലത്തിന് ആവശ്യമായിരിക്കുന്നതും. ദൈവത്തെക്കുറിച്ചുള്ള ചിന്തകളും മതത്തെ കുറിച്ചുള്ള ധാരണകളും ഒരാളുടെ സ്വകാര്യതയായി പരിമിതപ്പെടുത്തേണ്ടതല്ലെന്നും മറിച്ച് അവ മനുഷ്യന്റെ കുടുംബം, സാമൂഹ്യബന്ധങ്ങൾ എന്നിവിടങ്ങളിലേക്ക് കൂടി വ്യാപിക്കേണ്ടതാണെന്നുമുള്ള സത്യം ഈ കാലഘട്ടത്തിൽ ഏറെ പ്രസക്തമാണ്. അമിത സെക്കുലർ ചിന്തകളും, ആഘോഷിക്കപ്പെടുന്ന മതനിരാസവും ആത്യന്തികമായി നിലനിൽക്കുന്നതല്ല എന്നത് ലോകചരിത്രം പരിശോധിച്ചാൽ

മനസ്സിലാക്കാവുന്നതേയുള്ളൂ. ഓരോ കാലഘട്ടത്തിലും പ്രശസ്തമാകുന്ന തത്ത്വചിന്തകളും സാമൂഹ്യ മുന്നേറ്റങ്ങളും വിപ്ലവ പ്രസ്ഥാനങ്ങളും പെട്ടെന്ന് തന്നെ കടന്നു പോവുകയും ദൈവവിശ്വാസത്തിലും ധാർമിക മൂല്യങ്ങളിലും അടിയുറച്ച സംവിധാനങ്ങൾ ശക്തമായി നിലനിൽക്കുകയും ചെയ്യുന്നത് നൂറ്റാണ്ടുകളായി നാം കാണുകയും ശ്രദ്ധിക്കുകയും ചെയ്യുന്ന വസ്തുതയാണ്.

ഈശോയുടെ രാജത്വം ഈ ലോകത്തിന്റെ അധികാര സങ്കൽപ്പങ്ങളോട് ചേർന്നു പോകുന്നതല്ല. 'എന്റെ രാജ്യം ഐഹികമല്ല' (യോഹ 18,36). ഈശോയുടെ രാജകീയ അധികാരം സ്വയം ശൂന്യവൽക്കരിക്കുന്ന പരിപൂർണ്ണ സ്നേഹത്തിൽ അടിസ്ഥാനമുറപ്പിച്ചതാണ്. അതുകൊണ്ടാണ് അത് കാലഘട്ടത്തെ സ്വാധീനിച്ച് ഇന്നും നിലനിൽക്കുന്നത്. ദൈവസ്നേഹത്തിലും പരസ്നേഹത്തിലും അടിസ്ഥാനമുറപ്പിച്ച ക്രിസ്തീയ ജീവിതശൈലി ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

കച്ചവടസംസ്കാരം ശക്തമാകുന്ന ഈ കാലഘട്ടത്തിൽ എല്ലാം ലാഭനഷ്ടങ്ങളുടെ കണക്കുകൾ വച്ചാണ് അളക്കപ്പെടുന്നത്. ഇവിടെയാണ് നിസ്വാർത്ഥമായി സഹോദരങ്ങളെ സ്നേഹിക്കാനും കഷ്ടപ്പെടുന്നവരെ പരിഗണിക്കാനും പാവപ്പെട്ടവരെ സഹായിക്കാനും നമുക്ക് സാധിക്കേണ്ടത്. ഇത്തരത്തിൽ ജീവിതങ്ങൾ ക്രമപ്പെടണമെങ്കിൽ ദൈവത്തിന് ജീവിതത്തിൽ ഒന്നാം സ്ഥാനം കൊടുക്കണം. അതായത് ക്രിസ്തു രാജാവായി വാഴണം. ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷിക്കുമ്പോൾ ഈ ആത്മീയ ബോധ്യം എല്ലാവരുടെയും മനസ്സിൽ നിറയാനും ആഴപ്പെടാനും നമുക്ക് പ്രാർത്ഥിക്കാം.

മിശിഹായെ രാജാവായും നാഥനായും അംഗീകരിക്കുന്നതിലൂടെ ലഭിക്കുന്ന ഏറ്റവും വലിയ നന്മകളിലൊന്ന് ആത്മവിശ്വാസമാണ്. സംരക്ഷിക്കാനും കരുതാനും ചേർത്തുപിടിക്കാനും സർവ്വാധിപനായ ദൈവമുണ്ട് എന്ന ബോധ്യം നമ്മെ കൂടുതൽ ആത്മവിശ്വാസമുള്ളവരാക്കും.

ഇന്ന് യുവജനങ്ങളും ധാരാളം കുടുംബങ്ങളും കടുത്ത നിരാശയിലും പ്രത്യാശ നഷ്ടപ്പെട്ട അവസ്ഥയിലും ആണ്. സാമൂഹിക സാമ്പത്തിക കാരണങ്ങൾ ധാരാളം ഇതിന്റെ പുറകിലുണ്ട് എങ്കിലും ആത്മീയ കാരണങ്ങളും നാം മറന്നുകൂടാ. ഇവയെ അതിജീവിക്കാനുള്ള ഏകമാർഗ്ഗം ഏകരക്ഷകനായ ഈശോയാണ് എന്ന തിരിച്ചറിവ് ആഴമേറിയ ആത്മീയ ബോധ്യമായി നമ്മുടെ പുതിയ തലമുറയിലെ കുട്ടികളിലും യുവജനങ്ങളിലും കുടുംബങ്ങളിലും നിറയണം. ഇത് സാധിക്കുമ്പോഴാണ് ക്രിസ്തുരാജന്റെ തിരുനാൾ ജീവിതബന്ധിയായി തീരുന്നത്.

സഹനങ്ങളെ നേരിടാനും അതിജീവിക്കാനും ആളുകൾ വിഷമിക്കുന്ന കാലഘട്ടമാണിത്. ഒരു നൂറ്റാണ്ട് മുൻപ് പതിനൊന്നാം പീയൂസ് പാപ്പ ക്രിസ്തുവിനെ ദൈവജനത്തിന്റെയും ലോകം മുഴുവന്റെയും രാജാവായി പ്രഖ്യാപിച്ചപ്പോൾ നാനാവിധത്തിലുള്ള സഹനത്തിലൂടെ കടന്നുപോയിരുന്ന അനേകർക്ക് അത് ആശ്വാസവും സന്തോഷവും നൽകി. ഇന്നും ഈ സാധ്യത നിലനിൽക്കുകയാണ്. ശാസ്ത്ര സാങ്കേതിക മുന്നേറ്റങ്ങളും ആധുനിക ചിന്താധാരകളും രാജ്യങ്ങൾ തമ്മിലുള്ള സംഘർഷങ്ങളിലേക്ക് പോലും വഴി വയ്ക്കുകയാണ്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ശാരീരികമായും മാനസികമായും സഹിക്കുന്നവരുടെ എണ്ണം കൂടുന്നു. ഇതിന് പരിഹാരം ഒന്നു മാത്രം. ഈശോയെ രാജാവായി അംഗീകരിച്ച് ഉറപ്പിക്കുക. ഈശോ പ്രഘോഷിച്ചതും ജീവിതം വഴി മാതൃകയാക്കിയതുമായ കാര്യങ്ങൾ നമ്മുടെ ജീവിതത്തിലും നിറഞ്ഞു നിൽക്കാൻ ഇടയാകണം. അതുവഴി ആത്മീയധൈര്യവും ആത്മവിശ്വാസവും സഹോദരസ്നേഹവുമുള്ള ഒരു തലമുറ വളർന്നു വരാൻ ഇടയാകും.

ഈശോ തന്റെ പരസ്യ ജീവിതത്തിൽ ഉടനീളം പ്രകടിപ്പിച്ച കാരുണ്യവും സ്നേഹവും ഉത്ഥാനത്തിനുശേഷം നൽകിയ സമാധാനവും സന്തോഷവും ഇന്ന് തിരുസഭയിലൂടെയും സഭയിൽ പരികർമ്മം ചെയ്യുന്ന കൂദാശകളിലൂടെയും ലഭിക്കുന്നുണ്ട്. ആ പ്രത്യാശയും സൗ

ഖ്യവും സ്നേഹവും നമുക്ക് സ്വീകരിക്കാം. ഈശോയെ ലോകം മുഴുവന്റെയും നമ്മുടെ വ്യക്തിജീവിതത്തിന്റെയും കുടുംബങ്ങളുടെയും രാജാവായി അംഗീകരിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യാം.

കുടുംബങ്ങളുടെ സംരക്ഷകയും മാതാവുമായ പരി. കന്യകാമറിയത്തിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ചുകൊണ്ട് പിതാവിന്റെയും ✠ പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും ✠ നാമത്തിൽ നിങ്ങളേവരെയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു.

കോതമംഗലം മെത്രാസന ഭവനത്തിൽ നിന്ന്,

**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
കോതമംഗലം രൂപതാധ്യക്ഷൻ

---

NB: 2026 നവംബർ 15-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലിമധ്യേ വായിക്കേണ്ടതാണ്.

# രൂപതക്കച്ചേരി

### C. 91/2026 വിവാഹാഘോഷം മുടക്ക്

ഡിസംബർ 1-ാം തീയതി ചൊവാഴ്ച 25 നോമ്പ് ആരംഭിക്കുന്ന തിനാൽ ഡിസംബർ 01 മുതൽ 25 വരെ വിവാഹാഘോഷങ്ങൾക്ക് മുടക്ക് ആയിരിക്കും.

*Bishop*

### C. 92/2026 ജൂബിലി ആശംസകൾ

പൗരോഹിത്യ ശുശ്രൂഷയിൽ ഈ വർഷം സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന മോനിപ്പിള്ളി ബഹു. ജോസ് അച്ചനും, തെക്കേയറ്റ ത്ത് ബഹു. ജോർജ് അച്ചനും, വെള്ളിയാംത്തടം ബഹു. ജോസഫ് അച്ചനും, നെടുംപുറത്ത് ബഹു. പോൾ അച്ചനും രജത ജൂബിലി ആഘോഷിക്കുന്ന പുലിമലയിൽ ബഹു. ആന്റണി അച്ചനും, ഒറോപ്ലാ ക്കൽ ബഹു. ജോൺസൺ അച്ചനും, പിട്ടാപ്പിള്ളിൽ ബഹു. ഫ്രാൻസിസ് അച്ചനും, കളരിപ്പറമ്പിൽ ബഹു. തോമസ് അച്ചനും രൂപതാകുടുംബ ത്തിന്റെ പ്രാർത്ഥനാമംഗളങ്ങൾ നേരുന്നു. ഇവരുടെ വിലയേറിയ സേവ നങ്ങൾക്ക് നന്ദി പറയുവാനും അനുമോദനങ്ങൾ അർപ്പിക്കുവാനുമായി നവംബർ 26-ാം തീയതി വ്യാഴാഴ്ച രാവിലെ 10.00 മണിക്ക് NESTT പാസ്റ്ററൽ സെന്ററിൽ ഒരുമിച്ചു കൂടുവാൻ എല്ലാ ബഹു. അച്ചന്മാരെയും ക്ഷണിക്കുന്നു.

*Bishop*

### C. 93/2026 ഫൊറോന വിസീത്ത റിപ്പോർട്ട്

ബഹുമാനപ്പെട്ട ഫൊറോന വികാരിയച്ചന്മാർ ഫൊറോനയിലെ എല്ലാ പള്ളികളും ഡിസംബർ 31 - നകം സന്ദർശിക്കുകയും സന്ദർശന റിപ്പോർട്ട് ഡിസംബർ 31 -നകം രൂപത കച്ചേരിയിൽ സമർപ്പിക്കുകയും ചെയ്യണം.

*Bishop*

### C. 94/2026 ദൈവാലയ ശുശ്രൂഷികൾക്കായി (കപ്യാരന്മാർ) ധ്യാനം

നമ്മുടെ രൂപതയിലെ ദൈവാലയ ശുശ്രൂഷികൾക്കായി (കപ്യാ രന്മാർ) താമസിച്ചുള്ള ധ്യാനം നടത്തുന്നതിനെക്കുറിച്ച് ദൈവരാജ്യ

ത്തിന്റെ കഴിഞ്ഞ ലക്കത്തിൽ അറിയിച്ചിരുന്നല്ലോ. അതനുസരിച്ച് രൂപതയിലെ ദൈവാലയശുശ്രൂഷികൾക്കായുള്ള ധ്യാനം മൂവാറ്റുപുഴ NESTT-ൽ 2026 നവംബർ 2-ാം തീയതി തിങ്കളാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച് 4-ാം തീയതി ബുധനാഴ്ച വൈകിട്ട് 5 മണിയോടെ സമാപിക്കുന്നതാണ്. പ്രസ്തുത ധ്യാനത്തിലേക്ക് എല്ലാ ദൈവാലയ ശുശ്രൂഷികളെയും പറഞ്ഞയയ്ക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. ധ്യാനദിവസങ്ങളിൽ ദൈവാലയശുശ്രൂഷികൾക്കായി പ്രത്യേകം പ്രാർത്ഥിക്കാനും എല്ലാവരും ശ്രദ്ധിക്കുമല്ലോ.

*Bishop*

C. *95/2026* **Monthly Recollection for Priests**

***Topic for discussion in Novemberr***

Read in common YOUCAT Nos 320-330.

*Syncellus*

C. *96/2026* **ഡിസംബർ മാസത്തിലെ ബൈബിൾ പാരായണം**

നമ്മുടെ കർത്താവീശോമിശിഹായുടെ പിറവിത്തിരുന്നാളിനായി ഒരുങ്ങുന്ന 25 നോമ്പുകാലത്ത് വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു എന്ന സുവിശേഷസത്യത്തെ നാം സവിശേഷമാംവിധം ധ്യാനവിഷയമാക്കേണ്ടതുണ്ട്. KCBC Bible Commission ഡിസംബർ മാസം ബൈബിൾ പാരായണ മാസമായി ആചരിക്കുകയാണല്ലോ. അതിൻപ്രകാരം ഈ ഡിസംബർ മാസം നമ്മുടെ ഇടവകകളിലും കുടുംബങ്ങളിലും കൂടുതൽ ഭക്തിയോടും തീക്ഷ്ണതയോടും കൂടെ ബൈബിൾ പാരായണം നടത്തണമെന്ന് സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു. 25 നോമ്പുകാലത്ത് കുടുംബാംഗങ്ങൾ ഓരോരുത്തരും ഓരോ സുവിശേഷമെങ്കിലും ധ്യാനപൂർവ്വം വായിക്കുന്നതിനും നമ്മുടെ കുട്ടികൾ ഓരോ ദിനവും ഓരോ വചനമെങ്കിലും ഹൃദിസ്ഥമാക്കുന്നതിനും പരിശ്രമിക്കണം. ഇടവകകളിൽ അഖണ്ഡ ബൈബിൾ പാരായണം നടത്താൻ ശ്രമിക്കുന്നത് അഭികാമ്യമായിരിക്കും. ദൈവവചനം ഹൃദിസ്ഥമാക്കുന്ന കുഞ്ഞുങ്ങൾക്ക് പ്രോത്സാഹനം നൽകുന്നത് ഉചിതമായിരിക്കും.

*Syncellus*

C. *97/2026* **Forane Council**

All Protopresbyters are requested to convoke the Forane Council on or before 30th November and send a report and agenda proposed by the Forane Council for the consideration of the Pastoral Council before 2nd December.

*Syncellus*

C. *98/2026* **വി. കുർബാനയുടെ അസാധാരണ ശുശ്രൂഷി കൾക്കുള്ള പരിശീലനം**

വി. കുർബാന നൽകാൻ സഹായിക്കുന്നതിന് വി. കുർബാനയുടെ അസാധാരണ ശുശ്രൂഷികളായി നിയോഗിക്കപ്പെടുവാൻ യോഗ്യത നേടുന്നതിന് ബഹു. സിസ്റ്റേഴ്സിനായി രണ്ട് ദിവസത്തെ പരിശീലന പരിപാടി 2026 നവംബർ 13, 14 തീയതികളിൽ നടത്തുമെന്ന് അറിയിച്ചിരുന്നല്ലോ. എന്നാൽ ആ ദിവസങ്ങളിൽ K-TET പരീക്ഷ മൂലം നിരവധി പേർക്ക് അസൗകര്യം ഉള്ളതിനാൽ പ്രസ്തുത കോഴ്സ് 2026 ഡിസംബർ 11, 12 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തുന്നതായിരിക്കും. രജിസ്റ്റർ ചെയ്തവരെല്ലാവരും പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

C. *99/2026* **ആശാകിരണം കോയിൻ ബോക്സ് കളക്ഷൻ**

നമ്മുടെ രൂപതയിൽ നടന്നുവരുന്ന ആശാകിരണം പദ്ധതി അനേകം കാൻസർ രോഗികൾക്ക് ആശ്വാസമാകുന്നു. കാൻസർ രോഗികളുടെയും സഹായം ആവശ്യമുള്ളവരുടെയും എണ്ണം വർദ്ധിക്കുന്നതിനാൽ ഈ പദ്ധതി കാര്യക്ഷമമായി തുടരേണ്ടതുണ്ട്. അർഹരായ, ഇടവകാംഗങ്ങളായ കാൻസർ രോഗികൾക്ക് സഹായം വാങ്ങി നൽകാൻ ബഹു. അച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

ആശാകിരണം പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് പ്രധാനമായും ഇടവകകളിൽ സ്ഥാപിച്ചിരിക്കുന്ന കോയിൻ ബോക്സിൽ നിന്നുള്ള കളക്ഷനാണ്. എല്ലാ വർഷവും നവംബർ മാസത്തിലെ മൂന്നാം ആഴ്ചയിൽ കളക്ഷൻ എടുത്ത് സോഷ്യൽ സർവീസ് ഓഫീസിൽ ഏല്പിക്കുകയാണ് ചെയ്യുന്നത്. ഇക്കാര്യം ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. കോയിൻ ബോക്സ് ഇല്ലാത്ത ഇടവകകളിൽ വിതരണത്തിന് ആവശ്യമായ ബോക്സ് ലഭ്യമാണ്. അതിനായി സോഷ്യൽ സർവീസ് സൊസൈറ്റിയുമായി ബന്ധപ്പെടുക.

*Syncellus*

C. *100/2026* **മിഷൻ പിരിവ്**

എല്ലാ ഇടവകകളിലും മിഷൻ ഞായർ സമുചിതമായി ആഘോഷിച്ചു എന്ന് വിശ്വസിക്കുന്നു. മിഷൻ ഞായർ ആചരണത്തിന് നല്ല നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാരെയും കൊച്ചച്ചന്മാരെയും കൈക്കാരന്മാരെയും ഭക്തസംഘടന ഭാരവാഹികളെയും നന്ദിയോടെ ഓർക്കുന്നു. ഇപ്രാവശ്യത്തെ മിഷൻ ഞായർ പിരിവിന്റെ തുക എപ്രകാരമാണ് ഉപയോഗിക്കേണ്ടതെന്ന് ഒക്ടോബർ മാസത്തിലെ ദൈവരാജ്യത്തിൽ സൂചിപ്പിച്ചിരുന്നല്ലോ. അതനുസരിച്ച് മിഷൻ പിരിവിന്റെ 60% ഉത്കല ജീവജ്യോതി മിഷന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടിയാണല്ലോ നാം നൽകുന്നത്. ഈ തുക നവംബർ 10-ന് മുമ്പ് താഴെ കാണുന്ന അക്കൗണ്ടിലേക്ക് NEFT or RTGS ആയി അയയ്ക്കുകയും പ്രസ്തുത വിവരം കല്ലറയ്ക്കൽ ബഹു. ജെയിംസ് അച്ചനെ വിളിച്ചറിയിക്കുകയും ചെയ്യണം. പണം അയയ്ക്കുന്ന പള്ളികൾ അവരുടെ പാൻ കാർഡിന്റെ കോപ്പി Whatsapp-ൽ അയച്ചുകൊടുക്കാനും ശ്രദ്ധിക്കുമല്ലോ.

| | | |
|---|---|---|
| A/c Name | : | Jeevajyoti Trust Utkela |
| A/c No. | : | 43037294090 |
| IFSC | : | SBIN0006089 |
| Branch | : | SBI, Utkela |

*Syncellus*

C. *101/2026* **തിരട്ട് ഫീസ്**

2026-27 സാമ്പത്തിക വർഷത്തെ തിരട്ട് ഫീസിന്റെ രണ്ടാം ഗഡു നവംബർ 30-ന് മുമ്പ് രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്.

*Finance Officer*

*Pr. C. 8/2026* **Meeting of the Presbyteral Council**

An ordinary meeting of the Presbyteral Council will be held on Tuesday, 15th December 2026 at 10 am at the Bishop's House, Kothamangalam. The members are cordially invited. Topics to be included in the agenda must be sent to the secretary before 5th December 2026.

*Secretary*

*PC. 4/2026* **Pastoral Council**

An ordinary meeting of the Pastoral Council will be held on Saturday 5th December 2026 at 10 am at NESTT. Topics must be sent to the secretary on or before 1st December 2026.

*Secretary*

## പള്ളിയിൽ അറിയിക്കാൻ


| | | |
|---|---|---|
| **സർക്കുലർ** | Page | 5 |
| **വിവാഹാലോഷ മുടക്ക്** | Page | 9 |
| **Young Couples Meet** | Page | 30 |
| **ഭിന്നശേഷിക്കാർക്കും കിടപ്പുരോഗികൾക്കുമായി ഒരുക്കുന്ന 13 – മത് അഭിഷേക ധ്യാനം YES LORD** | Page | 37 |


## തിരുനാളുകൾ

**നവംബർ**

03 വി. മാർട്ടിൻ ഡി. പോറസ്
04 വി. ചാൾസ് ബൊറോമിയോ
05 വി. സഖറിയ, വി. ഏലിശ്വാ
13 വി. സ്റ്റനിസ്ലാവൂസ്
22 വി. സിസിലിയ
22 മിശിഹായുടെ രാജത്വത്തിരുനാൾ
30 വി. അന്ത്രയോസ് ശ്ലീഹാ

## Jeevajyothi Mission Utkela, Odisha

*OM 31/2026* **മിഷന് സാമ്പത്തിക സഹായം നല്കിയവർ**

1. Shaji Joseph Kochukudiyil Kaloor ₹ 50000
2. Pitruvedhi Kaloor ₹ 24000

3. Catherine George Namattahil Karakunnam ₹ 2000
4. Fathima Matha Church Thenathoor ₹ 2500
5. Holy Magi Church Muvattupuzha ₹ 116000
6. Thankachan Vellaplackal Muvattupuzha ₹ 10,00000
7. BVM Lourdes Church Mullaringad ₹ 28000

*OM 32 /2026* **തിരുനാൾ ആഘോഷം**

ഒക്ടോബർ 1-ന് ജീവ ഭവനിൽ ആഗോള മിഷൻ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യയുടെ തിരുനാളിനോടനുബന്ധിച്ച് രാവിലെ ആഘോഷമായ വി. കുർബാന അർപ്പിച്ചു.

*OM 33 /2026* **മിഷൻ സന്ദർശനം**

ഒക്ടോബർ 3-ന് രൂപത ചാൻസലർ റവ. ഫാ. ജോസ് കുളത്തൂർ അച്ചനോടൊപ്പം ഏതാനും രൂപതാംഗങ്ങൾ ഉത്കല മിഷൻ സന്ദർശിക്കുകയും മിഷൻ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

ഒക്ടോബർ 20-ന് പിതൃവേദി ഡയറക്ടർ റവ. ഫാ. ആന്റണി പുത്തൻകുളത്തിന്റെ നേതൃത്വത്തിൽ പിതൃവേദി ഭാരവാഹികൾ ഉത്കല മിഷൻ സന്ദർശിച്ചു.

*OM 34 /2026* **Online Meeting**

ഒക്ടോബർ 9-ന് വാഴക്കുളം ഇടവകയുടെ ആഭിമുഖ്യത്തിൽ നടന്ന ഓൺലൈൻ മീറ്റിങ്ങിൽ റവ. ഫാ. ജെയിംസ് കല്ലറയ്ക്കൽ തന്റെ മിഷൻ അനുഭവങ്ങൾ പങ്കുവച്ചു.

ഒക്ടോബർ 18-ന് മൂവാറ്റുപുഴ നിർമ്മലമാതാ ഇടവക സംഘടിപ്പിച്ച ഓൺലൈൻ മീറ്റിംഗിൽ റവ. ഫാ. വർഗീസ് പാറമേൽ തന്റെ മിഷൻ അനുഭവങ്ങൾ പങ്കുവച്ചു.

*OM 35 /2026* **വസ്ത്രവിതരണം**

ഒക്ടോബർ 13-ന് രൂപതയിലെ വിവിധ കേന്ദ്രങ്ങളിൽ നിന്ന് ശേഖരിച്ച വസ്ത്രങ്ങൾ ഉത്കല മിഷനിലെ വിവിധ ഗ്രാമങ്ങളിൽ വിതരണം ചെയ്തു.

*OM 36 /2026* **മിഷൻ ഞായർ**

ഒക്ടോബർ 18-ന് മിഷൻ ഞായർ ആചരണത്തോടനുബന്ധിച്ച്

ഉത്കല മിഷനിലെ വിവിധ ഗ്രാമങ്ങളിൽ പ്രത്യേക പ്രാർത്ഥനകളും ആഘോഷ പരിപാടികളും സംഘടിപ്പിച്ചു.

## മൈനർ സെമിനാരി

*MS 14 /2026* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | Daisy M Thomas | ₹ | 1000 |
| 2 | Francis Thomas | ₹ | 3000 |
| 3 | Sebastian Joseph | ₹ | 2000 |
| 4 | George Joseph | ₹ | 1000 |
| 5 | Julian Johny Thottiyan | ₹ | 25000 |
| 6 | One benefactor | ₹ | 10,000 |
| 7 | Jeeji Xavier | ₹ | 10000 |
| 8 | Tresa Mathew | ₹ | 5000 |

ഇവർക്ക് നന്ദി പറയുന്നു. ഇവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

*Rector*

## വിജ്ഞാനഭവൻ

*V. 102/2026* **വിശ്വാസപരിശീലകദിനം**

വിശ്വാസപരിശീലകരുടെ മദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ നവംബർ 4 ബുധനാഴ്ചയാണ്. നവംബർ 8-ാം തീയതി ഞായറാഴ്ച വിശ്വാസപരിശീലകദിനമായി ആചരിക്കാവുന്നതാണ്. വിശ്വാസപരിശീലകർക്കായി പ്രത്യേകം പ്രാർത്ഥിക്കാനും വിശ്വാസപരിശീലന ശുശ്രൂഷയുടെ ശ്രേഷ്ഠതയെക്കുറിച്ച് വിശ്വാസപരിശീലകരെയും മറ്റുള്ളവരെയും ബോധവൽക്കരിക്കാനുമുള്ള അവസരമായി ഇത് മാറണം. ഈ ദിവസം വിശ്വാസപരിശീലകർ തങ്ങളുടെ സമർപ്പണം നവീകരിക്കുന്നതും വിദ്യാർത്ഥികൾ തങ്ങളുടെ അദ്ധ്യാപകർക്ക് ആശംസകൾ നേരുന്നതും ഉചിതമാണ്.

*V. 103/2026* **10, 15, 20, 25, 30, 35, 40, 45, 50 വർഷങ്ങൾ പൂർത്തിയാക്കിയവർ**

2026-27 വർഷത്തിൽ 10, 15, 20, 25, 30, 35, 40, 45, 50 വർഷങ്ങൾ അധ്യാപനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റും സമ്മാനവും ഉണ്ടായിരിക്കുന്നതാണ്. നവംബർ 15-ന് മുമ്പ് സൈറ്റിൽനിന്നും പ്രിന്റ് എടുത്ത് വികാരിയച്ചൻ ഒപ്പിട്ട ഫോം നൽകേണ്ടതാണ്.

**സമ്മാനങ്ങൾ ഇടവകയിലേയ്ക്ക് തന്നുവിടുന്നതാണ്.**

*V. 104/2026* **SAY Exam X, XII**

| | |
|---|---|
| ഒക്ടോബർ 26 തിങ്കൾ | - രജിസ്ട്രേഷൻ ആരംഭിക്കുന്നു |
| നവംബർ 3 ചൊവ്വ | - രജിസ്ട്രേഷൻ അവസാനിക്കുന്നു |
| നവംബർ 8 ഞായർ | - SAY Exam |
| സമയം | - 11.00 am - 1.00 pm |

NB. മറ്റ് ക്ലാസ്സുകളിലെ സേ പരീക്ഷയും ഇതേ ദിവസം നടത്താവുന്നതാണ്.

*V. 105/2026* **വിശ്വാസപരിശീലകരുടെ ക്വിസ് മത്സരം**

| | |
|---|---|
| **രൂപതാതലം** | **: 2026 ഡിസംബർ 12 ശനി** |
| **സമയം** | **: 09.30 am** |
| **സ്ഥലം** | **: Nirmala Public School, Muvattupuzha** |

*V.106/2026* **PTA സെമിനാർ, ഡിസംബർ 19 ശനി**

2026-27 അധ്യയന വർഷത്തെ PTA സെമിനാർ **ഡിസംബർ 19 ശനിയാഴ്ച രാവിലെ 9.30 മുതൽ 1.30 വരെ ഹോളി മാഗി ഫൊറോന പള്ളി പാരീഷ് ഹാളിൽ വച്ച് നടക്കുന്നതാണ്.** ഒരു ഇടവകയിൽനിന്ന് PTA പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, MPTA പ്രസിഡന്റ് എന്നിവരാണ് പങ്കെടുക്കേണ്ടത്. ഇവർക്ക് ആർക്കെങ്കിലും പങ്കെടുക്കാൻ സാധിച്ചില്ലെങ്കിൽ മറ്റ് മെമ്പർമാരെ പറഞ്ഞുവിടാവുന്നതാണ്. ഉച്ചഭക്ഷണം നൽകുന്നതാണ്.

*V. 107/2026* **ലോഗോസ് ക്വിസ് 2026 വിജയികൾ**

ലോഗോസ് ക്വിസ് 2026-ൽ പങ്കെടുത്ത് രൂപതാതലത്തിൽ വിജയം നേടിയവരെ പ്രത്യേകം അനുമോദിക്കുന്നു. ഓരോ വിഭാഗത്തിലും ആദ്യത്തെ മൂന്നു സ്ഥാനങ്ങൾ ലഭിച്ചവർക്ക് **നവംബർ 8-ാം**

തീയതി ഞായറാഴ്ച നടക്കുന്ന സംസ്ഥാനതല പരീക്ഷയിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കും.

## GROUP A

1 ആൻമരിയ സുബിൻ തൊമരക്കാട്ടിൽ - വണ്ണപ്പുറം
2 ലിസ് മരിയ ബിൻസ് ചെരിപുറം - കീരംപാറ
3 ഷൈൻ മരിയ സിബി മണിമലയിൽ - മാറിക
4 ജിയോൺ സി. ബിബിൻ ചെരുവത്തൂർ - പെരിങ്ങഴ
5 ആൻ ബിജു തെക്കേമാലിൽ - നെടുങ്ങപ്ര
അബയാൽ ഡാർവിൻ താഴത്ത് - തെന്നത്തൂർ
ക്രിസ്റ്റഫർ ജോഫിൻ പാറയ്ക്കൽ - നെടിയകാട്

## GROUP B

1 നേഹ മരിയ ജോസ് ചിറ്റൂപറമ്പിൽ - മലയിൻകീഴ്
2 ട്വിങ്കിൾ സിജു ചാമക്കാലായിൽ - ആരക്കുഴ
3 ഇസബെൽ റിലീഷ് കളപ്പുരയ്ക്കൽ - വാഴക്കുളം
4 ജിയ സിജു അവരാപ്പാട്ട് - വെളിയേൽച്ചാൽ
5 ഷെസ്മി ജോസ് ഇലഞ്ഞിക്കൽ - കടവൂർ
സിമിലി സുജിറ്റ് കണ്ടത്തിൽ - രാജഗിരി
എസ മരിയ ജോമോൻ മേമന - തോട്ടക്കര
ജോൺ ജിനേഷ് മോളേത്ത് - നെടുങ്ങപ്ര
ലിയോ ജോമി മാടപ്പിള്ളിക്കുന്നേൽ - മൂവാറ്റുപുഴ

## GROUP C

1 കാരുണ്യ സാജൻ പുളിയ്ക്കീൽ - തൊടുപുഴ
2 ഗോഡ്സി എലിസബത്ത് ബാബു മുറ്റത്ത് - മാറിക
3 ജോർഡീന ഡാരീസ് മലയപ്പറമ്പിൽ - പരീക്കണ്ണി
4 നിമ ബെന്നി കൊറ്റനാടൻ - കുറുപ്പംപടി
5 ലിറിക്സൺ പി. രാജേഷ് പിട്ടാപ്പിള്ളിൽ - നെടുങ്ങപ്ര
ആൻ മരിയ ജോൺസൺ മിറ്റത്താനിക്കൽ - വടകോട്
ധന്യ ഡേവിസ് തൊട്ടിപ്പറന്നോളിൽ - ആരക്കുഴ

| | | | |
|---|---|---|---|
| | ദീപ്തി ജോസഫ് വട്ടക്കുന്നേൽ | - | തോട്ടക്കര |
| | ടിയാമോൾ സെബാസ്റ്റ്യാൻ മങ്ങാട്ട് | - | നെല്ലിമറ്റം |

## GROUP D

| | | | |
|---|---|---|---|
| 1 | സി. ലിസ്ബത്ത് CMC | - | തൊടുപുഴ ഈസ്റ്റ് |
| 2 | സുനിഷ് പി. ലൂക്കോസ് പെരുമ്പിൽ | - | വാഴക്കാല |
| 3 | സി. ജ്യോതിമരിയ SH | - | കത്തീഡ്രൽ |
| 4 | സ്വപ്ന ടി തെക്കേവീട്ടിൽ | - | ഞാറക്കാട് |
| 5 | സി. പാവന കൊച്ചുമുട്ടത്ത് SABS | - | ചിറ്റൂർ |
| | സി. ജെസ്ന തെരേസ് FCC | - | മൂവാറ്റുപുഴ |
| | സി. ടെസ്മി വള്ളിക്കുന്നേൽ SH | - | തൊടുപുഴ |
| | ടിൻസി ജോർജ് ചെരിപുറം | - | കീരംപാറ |

## GROUP E

| | | | |
|---|---|---|---|
| 1 | റോസിലി ബെന്നി മാൻന്തടത്തിൽ | - | പൈങ്ങോട്ടൂർ |
| 2 | മിനി ജോഷി കൊച്ചുപറമ്പിൽ | - | കുണിഞ്ഞി |
| 3 | സ്റ്റെല്ല ജോയി വള്ളിക്കാട്ട് | - | ആരക്കുഴ |
| 4 | സരളി ജോസ് മാപ്പിളിലക്കുന്നേൽ | - | കരിമണ്ണൂർ |
| 5 | റോസ്മേരി ജിജി പഴയംകോട്ടിൽ | - | കുണിഞ്ഞി |
| | മേഴ്സി അഗസ്റ്റിൻ കട്ടക്കയം | - | പന്നിമറ്റം |
| | റെന്നി ജോർജ് കീലത്ത് | - | കല്ലൂർക്കാട് |
| | ലില്ലി ബേബി വടക്കേടത്ത് | - | കാവക്കാട് |
| | വിൻസെന്റ് ദേവസി ചിറ്റൂപറമ്പിൽ | - | കത്തീഡ്രൽ |
| | റാണി എസ്. തുരുത്തിക്കര പുതുമന | - | തൊടുപുഴ ഈസ്റ്റ് |

## GROUP F

| | | | |
|---|---|---|---|
| 1 | ഏലിക്കുട്ടി തോമസ് മണിയമ്പ്രയിൽ | - | പന്നിമറ്റം |
| 2 | ഉഷ ജോസ് പറമ്പൻ | - | മൂവാറ്റുപുഴ |
| 3 | മേരി ജോസഫ് ഇടത്തല | - | കത്തീഡ്രൽ |
| 4 | മേരി അഗസ്റ്റിൻ നെടുങ്കല്ലേൽ | - | കല്ലൂർക്കാട് |
| 5 | ലില്ലി ജെയിംസ് കുന്നുമ്മേൽ | - | തൊടുപുഴ ഈസ്റ്റ് |
| | എൽസി പൈലി കടവുങ്കൽ | - | തൊടുപുഴ ഈസ്റ്റ് |

ലില്ലി പോൾ തെക്കുംമൂട്ടിൽ - പെരിങ്ങഴ

എൽസി തോമസ് പീച്ചാട്ട് - നെല്ലിമറ്റം

**ലോഗോസ് ക്വിസിൽ കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവകകൾ**

1 സെന്റ് ജോർജ് ഫൊറോന ചർച്ച്, വാഴക്കുളം

2 സെന്റ് ജോർജ് കത്തീഡ്രൽ, കോതമംഗലം

3 സെന്റ് ജോർജ് ഫൊറോന ചർച്ച്, മുതലക്കോടം

**അംഗസംഖ്യയുടെ അനുപാതത്തിൽ ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവകകൾ**

1 സെന്റ് തോമസ് ചർച്ച്, തൊമ്മൻകുത്ത്

2 സെന്റ് തോമസ് ചർച്ച്, കോലടി

3 സെന്റ് ജോസഫ്സ് ചർച്ച്, നെല്ലിക്കുഴി

**ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച കോൺഗ്രിഗേഷൻ - CMC**

**ഓരോ വിഭാഗത്തിലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ വിശ്വാസപരിശീലകർ**

മെറീസാ തോമസ് പാറയിൽ, മുതലക്കോടം (C ഗ്രൂപ്പ്)

സി. വിൻസി SH, നാകപ്പുഴ (D ഗ്രൂപ്പ്)

സിജി റെന്നി മാതാളികുന്നേൽ, കരിമണ്ണൂർ (E ഗ്രൂപ്പ്)

ലില്ലി രാജൻ കല്പകശ്ശേരിൽ, കോട്ടപ്പടി (F ഗ്രൂപ്പ്)

**ലോഗോസ് ഫാമിലി രൂപതാതല വിജയികൾ**

I ബിൻസ് മോൻ ഫിലിപ്പ്, ടിൻസി ജോർജ്, ലിസ്മരിയ ചെരിപുറം കീരംപാറ

II പി. ജെ. തോമസ്, ഗ്രേസി, മെറീസാ, ജോയ്സ് പാറയിൽ, മുതലക്കോടം

III ഷോജി ജോസഫ്, ടിമ്പിൾ, അനൂഷ റോസ്മേരി കണ്ണംമ്പുഴ, കീരംപാറ

**ലോഗോസ് ഫാമിലി ഇടവകതല വിജയികൾ**

ജെൻസ ജിസ് ഞവരക്കാട്ട്, ആരക്കുഴ

ഷിജി ജോജി മാവറ, തോട്ടക്കര

ആൻസി ഫ്രാൻസിസ് മഞ്ഞപ്പിള്ളിൽ, ഞാറക്കാട്

ദയ തോമസ് പുഴൻകാവയിൽ, കൊടുവേലി

ബേബി തോമസ് തോട്ടകര, മുളപ്പുറം

മെറിൽ വിൻസെന്റ് വടക്കുംപാടത്ത്, കരിമണ്ണൂർ
സാബു ജോസഫ് കൊച്ചുപടിഞ്ഞാറേക്കര, പള്ളിക്കാമുറി
ജോസൺ ജോൺ പറയനിലം, ഉടുമ്പന്നൂർ
ബിജു ജോസഫ് ഞാലിപ്പറമ്പിൽ, കോതമംഗലം
ജോസ്മി ഷാലൂസ് വരാരപ്പിള്ളിൽ, ഇഞ്ചൂർ
ഷിമിലി ബാബു ചിറ്റയത്ത്, കുറുപ്പംപടി
സാൻജോ തോമസ് കളമ്പാടൻ, കുത്തുങ്കൽ
എയ്ഞ്ചൽ ജോർജ് കാട്ടുകുടി, കുട്ടമ്പുഴ
സിജോ വർഗീസ് വള്ളോംകുന്നേൽ, ഞായപ്പിള്ളി
അനു സിജു കടവുങ്കൽ, മാലിപ്പാറ
തോമസ് ജോൺ കുളങ്ങരക്കുടിയിൽ, ഏഴല്ലൂർ
സിജു തോമസ് തെക്കേക്കര, കലൂർ
ദീപു മനോജ് കുട്ടിശ്ശേരിൽ, മാറിക
മേരി ജെയിംസ് പുതിയകുന്നത്ത്, കോലടി
ബിജു ജോസ്ഫ് ചിമ്മിനിക്കാട്ട്, വാഴക്കാല
ലെയ്ബി അഗസ്റ്റിൻ കളപ്പിൽ, കോടിക്കുളം
മേരി മാത്യു അടപ്പൂർ, വണ്ടമറ്റം
മഞ്ചേഷ് ഫിലിപ്പ് കോച്ചൻകൽ, മൂവാറ്റുപുഴ
സിറിയക് തോമസ് പൂത്തംകുന്നേൽ, വാഴപ്പിള്ളി
ബിജു ജേക്കബ് മോളേകുന്നേൽ. ആനിക്കാട്
ത്രേസ്യാമ്മ അഗസ്റ്റിൻ ആലക്കളത്തിൽ, അഞ്ചിരി
റാണി വിൻസെന്റ് മൺകുത്തേൽ, ഏനാനെല്ലൂർ
ജോബിൻ ജോർജ് പെരുമ്പിള്ളിക്കുന്നേൽ, കല്ലൂർക്കാട്

*V.108/2026* **FACE 2026 - Faith and Career Enrichment Seminar November 8, 15, 22, 29**

പ്ലസ്ടുവിനു ശേഷം കേരളത്തിലും വിവിധ സംസ്ഥാനങ്ങളിലും വിദേശങ്ങളിലുമായി ഉപരിപഠനത്തിനു പോകുമ്പോൾ ക്രൈസ്തവ വിശ്വാസജീവിതത്തിൽ അടിയുറച്ചു വളരുവാനും മൂല്യാധിഷ്ഠിതജീവിതം നയിക്കുവാനും കുട്ടികൾ ധാരാളം പ്രതിസന്ധികൾ നേരിടുന്നുണ്ട്.

ക്രിസ്തീയവിശ്വാസവും മൂല്യങ്ങളും മുറുകെ പിടിച്ചുകൊണ്ട് ഉത്തമ ക്രൈസ്തവരായി ജീവിക്കുവാൻ നല്ല ബോധ്യങ്ങൾ പകർന്ന്

നൽകുന്ന 'FACE 2026' ഒരുക്കസെമിനാർ പ്ലസ്ടു കുട്ടികൾക്കായി നവംബർ 8, 15, 22, 29 തീയതികളിൽ തൊടുപുഴ, കോതമംഗലം, കരിമണ്ണൂർ, വാഴക്കുളം എന്നീ നാല് റീജിയണുകളിലായി വിജ്ഞാനഭവൻ സംഘടിപ്പിക്കുന്നു.

കോതമംഗലം രൂപതയിലെ എല്ലാ പ്ലസ്ടു വിദ്യാർഥിനീവിദ്യാർത്ഥികളെയും അധ്യാപകരെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. ഇന്റേണൽ മാർക്കിന് പരിഗണിക്കുന്നതാണ്. എല്ലാ +2 കുട്ടികളും നിർബന്ധമായും പങ്കെടുക്കണം.

**നവംബർ 08** ഞായർ, 9.00 am–4.30 pm ന്യുമാൻ കോളേജ് തൊടുപുഴ (തൊടുപുഴ, മൈലക്കൊമ്പ്, മാറിക ഫൊറോനകൾ)

**നവംബർ 15** ഞായർ, 9.00 am–4.30 pm കോതമംഗലം കത്തീഡ്രൽ ഓഡിറ്റോറിയം (കോതമംഗലം, ഊന്നുകൽ, കുറുപ്പംപടി, വെളിയേൽച്ചാൽ ഫൊറോനകൾ).

**നവംബർ 22** ഞായർ 9.00 am–4.30 pm കരിമണ്ണൂർ സെന്റ് മേരീസ് പാരിഷ് ഹാൾ (കരിമണ്ണൂർ, കാളിയാർ, മുതലക്കോടം ഫൊറോനകൾ)

**നവംബർ 29** ഞായർ, 9.00 am– 4.30 pm വാഴക്കുളം വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജ് (മൂവാറ്റുപുഴ, ആരക്കുഴ, പൈങ്ങോട്ടൂർ, വാഴക്കുളം ഫൊറോനകൾ)

**NB. ഉച്ചഭക്ഷണം നൽകുന്നതാണ്.**

കുട്ടികളെ ഒരുമിച്ച് കൊണ്ടുവരാനും കൊണ്ടുപോകാനുമുള്ള ക്രമീകരണം നടത്തണം. ക്ലാസ്സ് അധ്യാപകരും നിർബന്ധമായും കുട്ടികളുടെ കൂടെ ഉണ്ടാകണം. **വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതാണ്.**

## *V. 109/2026* Mission Quest Online

**സംസ്ഥാനതലം – ഓൺലൈൻ**

**തീയതി: ഡിസംബർ 6 ഞായർ, സമയം : 6.00 pm**

**ആദ്യ റൗണ്ട് (ഓൺലൈൻ):** എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്. 60 ചോദ്യങ്ങൾക്ക് 40 മിനിറ്റിനുള്ളിൽ ഉത്തരം നൽകുക. പൂർണ്ണ മാർക്ക് (60/60) നേടുന്ന എല്ലാവരും സ്വയം യോഗ്യത നേടും. അതിനുപുറമെ, ഓരോ രൂപതയിൽ നിന്നുമുള്ള **മികച്ച 10** മത്സരാർത്ഥികൾ ഈ റൗണ്ടിൽ പങ്കെടുക്കേണ്ടതാണ്.

**രണ്ടാം റൗണ്ട് (ഓൺലൈൻ): തീയതി: ഡിസംബർ 6 ഞായർ, സമയം : 6.00 pm**

ആദ്യ റൗണ്ടിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടവർക്ക് മാത്രമേ രണ്ടാം റൗണ്ടിൽ പങ്കെടുക്കാൻ കഴിയൂ. 80 ചോദ്യങ്ങൾക്ക് 40 മിനിറ്റിനുള്ളിൽ ഉത്തരം നൽകണം. ഈ റൗണ്ട് ഗ്ലോബൽ വിജയികളെയും രൂപതയിൽ നിന്നുള്ള വിജയികളെയും തീരുമാനിക്കും. മികച്ച ഉത്തരങ്ങൾ അടിസ്ഥാനമാക്കി വിജയികളെ തെരഞ്ഞെടുക്കും. കൂടുതൽ വ്യക്തികൾക്ക് ഒരേ മാർക്ക് ലഭിക്കുകയാണെങ്കിൽ വേഗത്തിൽ സമർപ്പിച്ചവരെ വിജയികളായി പ്രഖ്യാപിക്കും.

സംസ്ഥാന ഓൺലൈൻ മത്സരത്തിൽ ഏറ്റവും കൂടുതൽ ആൾക്കാരെ പങ്കെടുപ്പിക്കുന്ന ഇടവകകൾക്ക് A, B, C category തിരിച്ച് സമ്മാനം ഉണ്ടായിരിക്കുന്നതും കുട്ടികളുടെ ഗണത്തിൽ Sunday School Evaluation സമയത്ത് എണ്ണമനുസരിച്ച് grace mark ലഭിക്കുന്നതുമായിരിക്കും.

സംസ്ഥാനതലം മൂന്നു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു:

1) **ജൂനിയേഴ്സ്** (20 വയസ്സ് താഴെ - 6th ഡിസംബർ 2006 നു ശേഷം ജനിച്ചവർ)

2) **അഡൾട്ട്സ്** (21-40 വയസ്സിനും ഇടയിൽ - 6th ഡിസംബർ 1986 നു ശേഷവും 5th ഡിസംബർ 2006 നു മുൻപും ജനിച്ചവർ)

3) **സീനിയേഴ്സ്** (41 വയസ്സിന് മുകളിൽ - 6th ഡിസംബർ 1986 നു മുൻപ് ജനിച്ചവർ). ഓരോ വിഭാഗത്തിനും വ്യത്യസ്തമായ ചോദ്യങ്ങൾ ഉണ്ടായിരിക്കും.

**പാഠഭാഗങ്ങളും മാർക്ക് വിഭജനവും**

ബൈബിൾ: വി. യോഹന്നാന്റെ സുവിശേഷം (1-12 അധ്യായങ്ങൾ) (ഈശോയുടെ മിഷൻ പ്രവർത്തനങ്ങൾ) - 25%

മിഷൻ: ആദ് ജെന്തസ് (AD GENTES ) Deceree of II Vatican Council on the Mission of the Church- 30% **Question Bank**

മതബോധനം: സീറോ മലബാർ സഭയുടെ ആരാധനക്രമ വിശ്വാസപരിശീലനം: അധ്യായം 4 (പേജ് 66-99) - 30 % **Question Bank**

പൊതുവിജ്ഞാനം: 15%

*Director*

## Corporate Educational Agency

*Edn.27/2026* **School Maintenance Fund-August-September-2026**

| Date | School Name | Credit | Debit |
|---|---|---|---|
| 29/09/2026 | ST UPS Paynkulam | 13856 | |
| 09/10/2026 | SA HSS Kalloorkad | 104714 | |
| 10/10/2026 | SG UPS Pooyamkutty | 7008 | |
| 10/10/2026 | Oonnukal | | 1900000 |
| 10/10/2026 | Udumbannoor | | 540000 |
| 10/10/2026 | Kolady | | 100000 |
| 10/10/2026 | Kallanickal | | 200000 |
| 14/10/2026 | LF LPS Pallickamury | 3924 | |
| 16/10/2026 | MM UPS Meenmutty | 9916 | |
| 16/10/2026 | F LPS Karakunnam | 16212 | |
| 17/10/2026 | SM HSS Kaliyar | 107208 | |
| 24/10/2026 | HF LPS Karimannoor | 6990 | |
| 24/10/2026 | SG HS Udumbannoor | 40792 | |
| 24/10/2026 | SJ HSS Karimannoor | 83680 | |
| 24/10/2026 | FM UPS Malippara | 10052 | |
| 24/10/2026 | SJ HS Karimannoor | 49476 | |
| 24/10/2026 | SH GHS Muthalakodam | 98018 | |
| 24/10/2026 | SG HS Muthalakodam | 16340 | |

*Secretary*

## Nirmala Civil Service Academy

*NiCSA.38 /2026* **SSC/Bank Coaching ആരംഭിക്കുന്നു**

മൂവാറ്റുപുഴ നിർമല സിവിൽ സർവീസ് അക്കാദമിയിൽ കേന്ദ്ര സർക്കാർ ജോലി സ്വപ്നം കാണുന്ന വിദ്യാർത്ഥികൾക്കായി SSC/ Bank Coaching ആരംഭിക്കുന്നു. SSC/Bank കോച്ചിംഗിലൂടെ ഗണി തം, ഇംഗ്ലീഷ്, പൊതുവിജ്ഞാനം, റീസണിങ് തുടങ്ങിയ വിഷയങ്ങ

ളിൽ മികച്ച പരിശീലനം നേടി പരീക്ഷയുടെ ചോദ്യരീതികൾ മനസ്സിലാക്കുന്നതിലൂടെ സമയബന്ധിതമായി ചോദ്യങ്ങൾ പരിഹരിക്കാനുള്ള കഴിവും ആത്മവിശ്വാസം വർധിപ്പിക്കാനും സാധിക്കും. കൃത്യമായ മാർഗനിർദേശത്തോടെയും പഠനപദ്ധതിയോടെയും പരീക്ഷയ്ക്ക് തയ്യാറെടുക്കാൻ ആഗ്രഹിക്കുന്നവർ അക്കാദമി ഓഫീസുമായി ബന്ധപ്പെടുക.

*NiCSA.39 /2026* **ഫൗണ്ടേഷൻ ക്ലാസുകൾ ആരംഭിച്ചു**

ഡിഗ്രി/പിജി പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള സിവിൽ സർവീസ് പരിശീലന ക്ലാസ്സുകൾ (ഫൗണ്ടേഷൻ കോഴ്സ്) ആരംഭിച്ചു. എല്ലാ ഞായറാഴ്ചകളിലും രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെയാണ് ക്ലാസ്സുകൾ നടക്കുക.

*NiCSA.40 /2026* **സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള സിവിൽ സർവീസ് പരിശീലനം**

സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള സിവിൽ സർവീസ് പരിശീലന ക്ലാസ്സുകൾ എല്ലാ രണ്ടാം ശനിയാഴ്ചകളിലും, പൊതു അവധി ദിവസങ്ങളിലും അക്കാദമിയിൽ നടന്നു വരുന്നു

അഡ്മിഷനും കൂടുതൽ വിവരങ്ങൾക്കും ആയി

Contact No: 9496065457, 7907119072

*Administrator*

## സോഷ്യൽ സർവീസ്

*SS. 65/2026* **സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചു**

തൊമ്മൻകുത്ത് ഇടവകയിൽ കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സ്വയം സഹായസംഘങ്ങൾ രൂപീകരിച്ചു. സംഘങ്ങൾക്കുള്ള പരിശീലനവും സംഘടിപ്പിച്ചു. 6 സംഘങ്ങളാണ് രൂപീകരിച്ചത്. വികാരി ഫാ. ജെയിംസ് ഐക്കരമറ്റം. KSSS കോ-ഓർഡിനേറ്റർ ജോൺസൻ കറുകപ്പിള്ളിൽ, ദിയ രാജു, ജോസ് പോൾ എന്നിവർ നേതൃത്വം നൽകി.

*SS. 66/2026* **ലഹരിവിരുദ്ധ ക്യാമ്പെയിൻ**

സജീവം ലഹരിവിരുദ്ധ ക്യാമ്പെയിന്റെ ഭാഗമായി കല്ലാനിക്കൽ, കോടിക്കുളം, പുറപ്പുഴ എന്നിവിടങ്ങളിലെ സ്കൂളുകളിൽ മാജിക്കിലൂടെ ബോധവൽക്കരണ ക്ലാസ്സ് നടത്തി. മജീഷ്യൻ ജോയിസ് മുക്കുടം ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. കൂടാതെ ചെങ്കര, ചേലാട് സ്കൂളുകളിലും മാജിക്കൽ ലഹരിവിരുദ്ധ പ്രോഗ്രാം സംഘടിപ്പിച്ചു.

*SS. 67/2026* **വാർഷികം ആഘോഷിച്ചു**

അഞ്ചിരി ഗ്രാമ ജ്യോതി സ്വയം സഹായ സംഘത്തിന്റെ വാർഷികം ആഘോഷിച്ചു. KSSS കോ-ഓഡിനേറ്റർ ജോൺസൻ കറുകപ്പിള്ളിൽ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് മത്തച്ചൻ ചേബ്ലാങ്കൽ അധ്യക്ഷത വഹിച്ചു.

*SS. 68/2026* **ഉദ്ഘാടനം ചെയ്തു**

നെല്ലിക്കുഴി ഇടവകയിൽ രൂപീകരിച്ച കാരുണ്യ സ്വയം സഹായ സംഘത്തിന്റെ ഉദ്ഘാടനം KSSS ഡയറക്ടർ ഫാ. ജോസഫ് കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്തു. വികാരി ഫാ. ആന്റണി പുലിമല അധ്യക്ഷത വഹിച്ചു. സംഘത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഉണ്ണിയപ്പം നിർമ്മാണ സംരംഭവും യോഗത്തിൽ വച്ച് ഉദ്ഘാടനം ചെയ്തു.

*SS. 69/2026* **കോഴിക്കൂടുകൾ വിതരണം ചെയ്തു**

KSSS -ന്റെ നേതൃത്വത്തിൽ സ്വയം സഹായസംഘത്തിലെ അംഗങ്ങൾക്ക് വീട്ടിൽതന്നെ മുട്ട ഉത്പാദനം നടത്തുന്നതിന് ആവശ്യമായ ഹൈടെക് കോഴിക്കൂടുകൾ വിതരണം ചെയ്തു. കൂടുകളുടെ വിതരണോദ്ഘാടനം ഡയറക്ടർ ഫാ. ജോസഫ് കൊച്ചുപറമ്പിൽ നിർവഹിച്ചു.

*SS. 70/2026* **മാർ മാത്യു പോത്താനാമൂഴി ഹൗസിംഗ് പ്രോജക്ട്**

സോഷ്യൽ സർവീസ് സൊസൈറ്റി ജീവാമിൽക്കുമായി ചേർന്ന് നടപ്പിലാക്കുന്ന മാർ മാത്യു പോത്താനാമൂഴി ഹൗസിംഗ് പ്രോജക്ടിന്റെ 100-മത് വീടിന്റെ ധനസഹായവിതരണം മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന യോഗത്തിൽ ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ നിർവഹിച്ചു. നിലവിൽ 104 ഗുണഭോക്താക്കൾക്ക് 1 ലക്ഷം രൂപ വീതം ഭവന നിർമ്മാണത്തിന് നൽകുകയുണ്ടായി.

*SS. 71/2026* **ജീവ എഡ്യൂക്കേഷൻ സ്കീം- 2026**

സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങളുടെ മക്കൾക്ക് ഉപരി പഠനം നടത്തുന്നതിനായി പലിശരഹിത വായ്പ നൽകുന്ന പദ്ധതി യായ ജീവ എഡ്യൂക്കേഷൻ പദ്ധതിപ്രകാരം 28 പേർക്കായി 1740000 രൂപ നൽകുകയുണ്ടായി. വായ്പ വിതരണത്തിന്റെ ഉദ്ഘാടനം ബിഷപ്പ് മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ നിർവഹിച്ചു. പരീക്കണ്ണി ജീവ മിൽക്കിന്റെയും പിട്ടാപ്പിള്ളിൽ ബിജു ഡോമിയുടെ കുടുംബത്തിന്റെയും സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്.

*Director*

## ചെറുപുഷ്പ മിഷൻലീഗ്

*CML 81/2026* **മാലിപ്പറമ്പിൽ അനുസ്മരണം**

സെപ്റ്റംബർ 12 -ാം തീയതി ആർപ്പൂക്കര ചെറുപുഷ്പം ദൈവാ ലയത്തിൽ വച്ച് നടന്ന സംസ്ഥാന തല മാലിപ്പറമ്പിൽ അനുസമരണ ത്തിൽ രൂപതാ ഭാരവാഹികൾ പങ്കെടുത്തു.

*CML 82/2026* **GEMS**

GEMS മൂന്നാമത്തെ ബാച്ചിന്റെ ഉദ്ഘാടനവും പ്രഥമ ക്യാമ്പും സെപ്റ്റംബർ 20, 21 തീയതികളിലായി മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നട ത്തപ്പെട്ടു. കോതമംഗലം രൂപതാ വികാരി ജനറാൾ വെരി. റവ. മോൺ. പയസ് മലേക്കണ്ടത്തിൽ GEMS ഉദ്ഘാടനം ചെയ്തു.

*CML 83/2026* **സാഹിത്യ ശിൽപ്പശാല**

സംസ്ഥാന കലാമത്സരത്തിന് ഒരുക്കമായുള്ള സാഹിത്യ ശില്പ ശാല സെപ്റ്റംബർ 18-ന് നെസ്റ്റിൽ വച്ച് നടത്തപ്പെട്ടു. ശ്രീ ഷാജി മാലിപ്പാറയും, മിസ് അഡോണ ഇമ്മാലിയൻഡ മറിയവും സാഹിത്യ ശില്പശാലയ്ക്ക് നേതൃത്വം നൽകി.

*CML 84/2026* **സംസ്ഥാന സാഹിത്യ മത്സരം**

സംസ്ഥാന സാഹിത്യ മത്സരം സെപ്റ്റംബർ 21-ന് മൂവാറ്റുപുഴ നിർമല ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടത്തപ്പെട്ടു.

*CML 85/2026* **മാലിപ്പറമ്പിൽ ക്വിസ്സ് അഭിനന്ദനങ്ങൾ**

മിഷൻലീഗ് സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ഓൺലൈൻ സംസ്ഥാന മാലിപ്പറമ്പിൽ ക്വിസ്സ് മത്സരത്തിൽ നമ്മുടെ രൂപതയിലെ മാറിക ഇടവകാംഗമായ അലോൺസാ സേവ്യർ പൊട്ടനാനിയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ നേരുന്നു.

*CML 86/2026* **രൂപതാ കലോത്സവം, എൻഡോവ്മെന്റ് അവാർഡ്**

രൂപതാ കലോത്സവം ഒക്ടോബർ 2-ന് മൂവാറ്റുപുഴ നിർമല ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടത്തപ്പെട്ടു. വിവിധ മത്സരയിനങ്ങളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയവർക്ക് മുൻ വർഷം ആരംഭിച്ച 'മാർ ജോർജ്ജ് പുന്നക്കോട്ടിൽ നവതി എൻഡോവ്മെന്റ്' ക്യാഷ് അവാർഡ് നൽകി.

*CML 87/2026* **കലോത്സവം**

First Prize - മുതലക്കോടം മേഖല
Second Prize - തൊടുപുഴ മേഖല
Third Prize - മൂവാറ്റുപുഴ മേഖല

മികച്ച ശാഖ മുതലക്കോടം
കലാപ്രതിഭ ക്രിസ് അന്ന ജോമോൻ, കോതമംഗലം

*CML 88/2026* **സാഹിത്യോത്സവം**

First Prize - കോതമംഗലം
Second Prize - തൊടുപുഴ
Third Prize - മൂവാറ്റുപുഴ
മികച്ച ശാഖ : കരിമണ്ണൂർ
സാഹിത്യപ്രതിഭ : മരിയ ബിനോയ്, ആലക്കോട്

*CML 89/2026* **സംസ്ഥാന വിലയിരുത്തൽ**

2025-26 പ്രവർത്തനവർഷത്തെ സംസ്ഥാന വിലയിരുത്തൽ ഒക്ടോബർ 17-ന് സംസ്ഥാന പ്രസിഡന്റിന്റെ നേതൃത്വത്തിൽ നെസ്റ്റിൽ വച്ച് നടത്തപ്പെട്ടു.

*CML 90/2026* **സംസ്ഥാന മിഷൻ മാസ സമാപനവും മിഷൻ ഞായർ ആഘോഷം**

സംസ്ഥാന മിഷൻ മാസ സമാപനവും മിഷൻ ഞായർ ആഘോഷവും സംയുക്തമായി കോതമംഗലം രൂപതയിലെ മുതലക്കോടം ഇടവകയിൽ ഒക്ടോബർ 18-ന് നടത്തപ്പെട്ടു.

*CML 91/2026* **കലാമത്സര പരിശീലനം**

സംസ്ഥാന കലാമത്സരത്തിനുള്ള പരിശീലനം രൂപതയിലെ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു.

*CML 92/2026* **സംസ്ഥാന കലോത്സവം**

സംസ്ഥാന കലോത്സവം നവംബർ 14-ാം തീയതി തലശ്ശേരി രൂപതയിൽ വച്ച് നടത്തപ്പെടുന്നു. നമ്മുടെ രൂപതയിലെ 150 ഓളം മത്സരാർത്ഥികൾ പ്രസ്തുത മത്സരത്തിൽ പങ്കെടുക്കുന്നുണ്ട്. എല്ലാവരും പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കുമല്ലോ.

*CML 93/2026* **SPACE - Strengthening Prayer and Christian Empowerment**

മിഷൻ ചൈതന്യം വളർത്തുന്നതിനും മിഷൻലീഗ് അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനും നവീകരിക്കുന്നതിനുമായി ശാഖകൾക്കും മേഖലകൾക്കുമായി അവതരിപ്പിക്കുന്ന ഈ പ്രത്യേക പദ്ധതി നവംബർ മാസം അവസാനത്തോട് കൂടി ആരംഭിക്കുന്നു.

*Director*

## കെ.സി.എസ്.എൽ

*KCSL. 20/2026* **ജപമാല മാസം**

ഒക്ടോബർ മാസം എല്ലാ യൂണിറ്റുകളും ജപമാല പ്രാർത്ഥന നടത്തപ്പെട്ടു.

*KCSL. 21/2026* **സംസ്ഥാന സാഹിത്യ മത്സരം**

ഒക്ടോബർ 10-ന് തൊടുപുഴ സെന്റ് സെബാസ്റ്റ്യൻ സ്കൂളിൽ

വച്ച് സംസ്ഥാന സാഹിത്യമത്സരം നടത്തപ്പെട്ടു. പാലാ, കോതമംഗലം രൂപതകളിലെ മത്സരാർത്ഥികൾ പങ്കെടുത്തു.

*KCSL. 22/2026* **രൂപത കലോത്സവം**

ഒക്ടോബർ 20-ന് മൂവാറ്റുപുഴ നിർമല ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് രൂപത കലോത്സവം നടത്തപ്പെട്ടു. യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് വിവിധ സെക്ഷനിൽ നിന്നായി 1300-ഓളം മത്സരാർത്ഥികൾ സംബന്ധിച്ചു.

*KCSL. 23/2026* **എക്സലൻസ് അവാർഡ്**

ഒക്ടോബർ 30, 31 തീയതികളിലായി എക്സലൻസ് അവാർഡ് നെസ്റ്റിൽ വച്ച് നടത്തപ്പെട്ടു. വിവിധ യൂണിറ്റുകളിൽ നിന്നായി 120-ഓളം കുട്ടികൾ സംബന്ധിച്ചു.

*Director*

## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 33/2026* **ജൂബിലി ദമ്പതി സംഗമം 2026**

വിവാഹജീവിതത്തിൽ 25, 50 വർഷങ്ങൾ പൂർത്തിയാക്കിയ ദമ്പതിമാരെ അനുമോദിക്കാനും ആദരിക്കാനുമായി നടത്തുന്ന ജൂബിലി ദമ്പതി സംഗമം 2026 ഒക്ടോബർ 10-ന് മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ നടന്നു. വികാരി ജനറാൾ മോൺ. കുര്യാക്കോസ് കൊടകല്ലിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. തുടർന്നു നടന്ന പൊതുസമ്മേളനം അഭിവന്ദ്യ പിതാവ് മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്യുകയും ജൂബിലി ദമ്പതികൾക്ക് മംഗള പത്രം വിതരണം ചെയ്യുകയും ചെയ്തു. രൂപത പ്രസിഡന്റ് ഡിഗോൾ. കെ ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. ആന്റണി പുത്തൻകുളം മുഖ്യപ്രഭാഷണം നടത്തി. മാതൃവേദി രൂപത പ്രസിഡന്റ് ജാൻസി മാത്യു, പ്രോലൈഫ് രൂപത പ്രസിഡന്റ് ജോയിസ് മുക്കുടം, ഡിഎഫ് സി സംസ്ഥാന പ്രസിഡന്റ് ലോറൻസ് എബ്രാഹം, പിതൃവേദി രൂപത വൈസ് പ്രസിഡന്റ് ദേബാർ ജോസഫ്, രൂപത ആനിമേറ്റർ

സി. ആനി തെരേസ് CHF, വൈസ് പ്രസിഡന്റ് റീന രാജീവ്, ജനറൽ സെക്രട്ടറി ജോളി കുമ്പാട്ട് തുടങ്ങിയവർ പ്രസംഗിച്ചു. വിവാഹ ജൂബിലി വർഷത്തിൽ ഊന്നുകൽ ഇടവക കുന്നത്തുമലയിൽ പീറ്റർ-മേരി ദമ്പതികൾ എഴുതിയ ബൈബിൾ കൈയ്യെഴുത്തുപ്രതി പിതാവ് പ്രകാശനം ചെയ്തു.

*FA 34/2026* **Young Couples Meet**

വിവാഹിതരായി പത്തു വർഷങ്ങൾ വരെ ആയ ദമ്പതികളുടെ സംഗമം 2026 ഡിസംബർ 12 ശനിയാഴ്ച രാവിലെ 9 മണി മുതൽ മുവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. പങ്കെടുക്കുന്നവരുടെ പേര്, വീട്ടുപേര്, ഇടവക, ഫോൺ നമ്പർ, എന്നിവയും രജിസ്ട്രേഷൻ ഫീസ് 250 രൂപയും (ഒരു കുടുംബത്തിന്) നവംബർ 30 നകം നെസ്റ്റിലെ ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ഓഫീസിൽ എത്തിക്കുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

*FA 35/2026* **രൂപത സമിതി യോഗം**

ഫാമിലി അപ്പോസ്റ്റലേറ്റ് കോതമംഗലം രൂപത സമിതി നവംബർ 6 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ മൂവാറ്റുപുഴ നെസ്റ്റിൽ യോഗം ചേരുന്നു.

*FA 36/2026* **പ്രീ മാര്യേജ് കോഴ്സ്, നെസ്റ്റ്**

2026 November 5 - 7, 19 - 21
December 3 - 5, 17 - 19

*Director*

## പ്രോലൈഫ്

*PL 8/2026* **പ്രോലൈഫ് പ്രോഗ്രാം**

സെപ്റ്റംബർ 21 പാലക്കാട് രൂപതയിൽ ജീവ ദിനം കുടുംബ സംഗമം സംഘടിപ്പിച്ചു. വലിയ കുടുംബ സംഗമത്തിൽ അഭിവന്ദ്യ പി

താവും മറ്റു വൈദികരും കുടുംബാംഗങ്ങളും ഉൾപ്പടെ 350 ഓളം പേർ പങ്കെടുത്തു. എല്ലാവരെയും അഭിവന്ദ്യ പിതാവ് സ്നേഹോപഹാരം നൽകി ആദരിച്ചു. ശ്രീ. ജോയിസ് മുക്കുടം സീറോ മലബാർ സഭ യുടെ പ്രോലൈഫ് അപ്പോസ്റ്റലേറ്റ് സെക്രട്ടറി എന്ന നിലയിൽ പ്രത്യേക ക്ഷണിതാവായിരുന്നു. തുടർന്ന് ജീവ വിസ്മയം മാജിക് ഷോ അവ തരിപ്പിച്ചു. സെപ്റ്റംബർ 24 കല്ലാനിക്കൽ സ്കൂളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ മാജിക് ഷോ അവതരിപ്പിച്ചു. 360 ഓളം കുട്ടികൾ പങ്കെടുത്തു. ഒക്ടോബർ 2 പ്രീ മാര്യേജ് കോഴ്സിലും ക്ലാസ്സ് മാജിക് മീ ഡിയയിലൂടെ അവതരിപ്പിച്ചു. ഒക്ടോബർ 4 ആവോലി പഞ്ചായത്ത് 2-ാം വാർഡിൽ തൂഫാന്റെ ഭാഗമായി പ്രോഗ്രാം നടത്തി. ഒക്ടോബർ 9 പിണ്ടിമന ഗവൺമെന്റ് സ്കൂളിൽ ലഹരിവിരുദ്ധ മാജിക് ഷോ അവത രിപ്പിച്ചു. ഒക്ടോബർ 10 നെസ്റ്റിൽ നടന്ന ജൂബിലി സംഗമത്തിലും പ്രോലൈഫ് ഫാമിലി അപ്പോസ്റ്റലേറ്റിനോട് ചേർന്ന് സഹകരിച്ച് പ്ര വർത്തിച്ചു. ഒക്ടോബർ 11 എറണാകുളം കലൂർ സെന്റ് സേവിയേഴ്സ് പള്ളിയിൽ വിവാഹം കഴിഞ്ഞിട്ട് 25 വർഷം വരെയുള്ള ദമ്പതികളുടെ കൂട്ടായ്മയിൽ കുടുംബം ഒരു സ്വർഗ്ഗം എന്ന മാജിക് ഷോ അവതരി പ്പിച്ചു. 350 ഓളം പേർ പങ്കെടുത്തു. ഒക്ടോബർ 13 പടിഞ്ഞാറെ കോടി ക്കുളം ഹൈസ്കൂളിൽ ലഹരി വിരുദ്ധ മാജിക് ഷോയിൽ 180 ഓളം കുട്ടികൾ പങ്കെടുത്തു. ഒക്ടോബർ 14 ചെങ്കര ഗവൺമെന്റ് എൽ പി, യു പി സ്കൂളുകളിലും, ഒക്ടോബർ 15 പുറപ്പുഴ ഹയർ സെക്കൻഡറി സ്കൂ ളിലും, ഒക്ടോബർ 16 നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ പ്രീമാരേജ് കോഴ്സിലും ലഹരിക്കെതിരെയുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നൽകി ജീവന്റെയും ജീവിതത്തിന്റെയും നിലയും വിലയും മഹത്വവും മനസ്സിലാക്കി കൊടുക്കാൻ സാധിച്ചു.

*Director*

## പിതൃവേദി

*PV 16/2026* **മിഷൻ സന്ദർശനം**

മിഷൻ മാസമായ ഒക്ടോബറിൽ 19-ാം തീയതി, ബഹുമാനപ്പെട്ട ഡയറക്ടർ ആന്റണി പുത്തൻകുളം അച്ചന്റെ നേതൃത്വത്തിൽ രൂപത

യിലെ വിവിധ ഇടവകകളിൽ നിന്ന് 7 പിതൃവേദി അംഗങ്ങൾ ഉൾപ്പെടെ ഒഡീഷയിലെ ജീവജ്യോതി മിഷനും, MST വൈദികർ നടത്തുന്ന മിഷൻ സെന്ററുകളും കണ്ടു മനസ്സിലാക്കുന്നതിനും മിഷൻ പ്രവർത്തനങ്ങളിൽ എങ്ങനെ പങ്കാളിയാകാമെന്നും മിഷനെ എങ്ങനെ സഹായിക്കാം എന്നും അറിയുന്നതിനുമായി സന്ദർശനം നടത്തുന്നു. 10 ദിവസത്തെ സന്ദർശനമാണ് ഉദ്ദേശിക്കുന്നത്.

*PV 17/2026* **വാഴക്കുളം യൂണിറ്റ്**

വാഴക്കുളം പിതൃവേദിയുടെ 3-ാമത്തെ വാർഷിക സമ്മേളനവും കുടുംബസംഗമവും വിവിധ പരിപാടികളോടെ ഈ മാസം 11-ാം തീയതി നടത്തി. ഇടവക വികാരി റവ. ഫാ. ജോർജ് പൊട്ടയ്ക്കൽ അധ്യക്ഷത വഹിച്ച യോഗത്തിൽ പിതൃവേദി രൂപത ഡയറക്ടർ റവ. ഫാ. ആന്റണി പുത്തൻകുളം യോഗം ഉദ്ഘാടനം നടത്തി. പൗരോഹിത്യത്തിന്റെ 50 വർഷം ആഘോഷിക്കുന്ന റവ. ഫാ. ജോസ് മോനിപ്പിള്ളി അച്ചനെ മെമെന്റോയും ഷാളും നൽകി ആദരിച്ചു. പച്ചക്കറി കൃഷി നടത്തുകയും കൃഷിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്തതു പരിഗണിച്ച് ഇടവകയുടെ മികച്ച കർഷകനുള്ള പിതൃവേദിയുടെ 2026 അവാർഡ് 5001 രൂപ റവ. ഫാ. ജോസ് മോനിപ്പിള്ളി അച്ചന് നൽകി. ഞായറാഴ്ച 4 മണിക്ക് വി. കുർബാനയോടെ തുടങ്ങിയ പരിപാടി 7 മണിക്ക് അത്താഴ വിരുന്നോടെ അവസാനിച്ചു.

*Director*

## മാതൃവേദി

*MV 17/2026* **രൂപതാ കമ്മിറ്റി**

30-09-2026, 01-10-2026 എന്നീ ദിവസങ്ങളിൽ ചെന്നൈയിൽ വച്ച് നടന്ന ഗ്ലോബൽ മാതൃവേദി ജനറൽ ബോഡിയിൽ ഡയറക്ടർ ആന്റണി പുത്തൻകുളം അച്ചനും 5 രൂപത ഭാരവാഹികളും പങ്കെടുത്തു. സീറോ മലബാർ ഗ്ലോബൽ മാതൃവേദി 2025-2026 വർഷത്തെ സമഗ്ര പ്രവർത്തനങ്ങൾക്ക് ലഭിച്ച എക്സലന്റ് അവാർഡ് ഹൊസൂർ രൂപതാദ്ധ്യക്ഷൻ

മാർ സെബാസ്റ്റ്യൻ പൊഴോലിപറമ്പിൽ പിതാവിൽ നിന്നും ചെന്നൈ യിൽ നടന്ന മീറ്റിംഗിൽ ഏറ്റുവാങ്ങി.

*MV 18/2026* **ഉണർവ് പ്രോഗ്രാം**

13-10-2026 ചൊവ്വാഴ്ച ഉണർവ് ക്ലാസ്സ് നടന്നു. Mr Jintu k John ആണ് ക്ലാസ്സ് നയിച്ചത്. Topic : Parenting in the Media Age എന്നതാ യിരുന്നു. ഉച്ചകഴിഞ്ഞ് അമ്മമാർ അവരവരുടെ കഴിവിനനുസരിച്ച് ആക്റ്റി വിറ്റികൾ നടത്തി.

*Director*

## യൂദിത്ത് മിനിസ്ട്രി

*JM 16/2026* **യൂദിത്ത് നവോമി ഫോറം**

കോതമംഗലം രൂപത യൂദിത്ത് നവോമി, മൂന്നുമാസത്തിൽ ഒരി ക്കൽ നടത്തിക്കൊണ്ടിരിക്കുന്ന ഏകദിന സംഗമം 2026 ഒക്ടോബർ 6-ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തപ്പെട്ടു. 9 മണിക്ക് രജിസ്ട്രേഷൻ ആരംഭിച്ചു.

*JM 17/2026* **ജപമാലയും ദിവ്യബലിയും**

ഒക്ടോബർ, മാതാവിന്റെ ജപമാല മാസത്തോടനുബന്ധിച്ച് രാവിലെ 9.30-ന് അമ്മമാർ ഒരുമിച്ച് കൂടി ജപമാല ആരംഭിച്ചു. അതി നുശേഷം രൂപത ഡയറക്ടർ ആന്റണി പുത്തൻകുളം അച്ചൻ ദിവ്യബലി അർപ്പിച്ചു. അനുഗ്രഹപ്രഭാഷണവും നടത്തി.

*JM 18/2026* **ആരാധനയും മീറ്റിങ്ങും**

അമ്മമാർക്ക് ആയി സ്തുതിപ്പ്, ആരാധന എന്നിവ നടത്തപ്പെട്ടു. ഗാനമാലപിച്ചും സ്തുതിച്ചും ദൈവത്തെ മഹത്വപ്പെടുത്തി. ബഹുമാ നപ്പെട്ട ആന്റണി അച്ചൻ 'ദൈവസ്നേഹത്തെ കുറിച്ചും ദൈവകരു ണയെ കുറിച്ചും, ക്ലാസ്സ് എടുക്കുകയുണ്ടായി. ഭാരതീയ സംസ്കാര ത്തിന്റെ ഭാഗമായ 'അതിഥി ദേവോ ഭവ' എന്ന വിഷയത്തെ ആസ്പ ദമാക്കി പഴയ നിയമത്തിലെ മാംറോയുടെ ഓക്കുമരത്തണലിൽ

അബ്രഹാമിന് കർത്താവ് പ്രത്യക്ഷപ്പെട്ടതും, പുതിയ നിയമത്തിലെ എമ്മാവൂസ് യാത്രയിലെ അനുഭവവും അമ്മമാർക്കായി പങ്കുവെച്ചു.

വിധവാ സംഘടനയുടെ ഓൾ കേരള ചെയർപേഴ്സണും പൈങ്ങോട്ടൂർ ഇടവകാംഗവുമായ ശ്രീമതി എൽസി ബോസ് വിധവകളായ അമ്മമാർക്ക് സർക്കാർ തലത്തിൽ ലഭിക്കേണ്ട വിവിധ ആനുകൂല്യങ്ങളെപ്പറ്റിയുള്ള ബോധവൽക്കരണം നൽകുകയുണ്ടായി.

*JM 19/2026* **മത്സരയിനങ്ങൾ**

12.30-ന്റെ ലഞ്ച് ബ്രേക്കിന് ശേഷം 1:30 ആയപ്പോൾ ബൈബിൾ പുസ്തകങ്ങളുടെ പേരുകൾ ക്രമമായി എഴുതുന്ന എഴുത്ത് പരീക്ഷ നടത്തി. 44 അമ്മമാർ മത്സരത്തിൽ പങ്കെടുത്തു. 2 pm -ന് കോതമംഗലം രൂപതയിലെ പത്തു ഫൊറോനകളിൽ നിന്നുള്ള കലാകാരികൾ അണിനിരന്നുകൊണ്ട് ബൈബിളിലെ നിശ്ചല ദൃശ്യാവിഷ്കാരം സ്റ്റേജിൽ അരങ്ങേറി. മൂന്നാം സ്ഥാനം കാളിയാർ ഫൊറോനയും, രണ്ടാം സ്ഥാനം മുതലക്കോടം ഫൊറോനയും, ഒന്നാം സ്ഥാനം മൂവാറ്റുപുഴ ഫൊറോനയും നേടി.

*JM 20/2026* **സമ്മാനദാന ചടങ്ങ്**

2025 -ൽ നടത്തിയ വചനം എഴുത്ത് മത്സരത്തിന്റെ വിജയികൾക്കുള്ള സമ്മാനങ്ങളും, നിശ്ചല ദൃശ്യത്തിന്റെ വിജയികൾക്കുള്ള സമ്മാനങ്ങളും, രൂപത ഡയറക്ടർ. ആന്റണി പുത്തൻകുളം അച്ചൻ നൽകുകയുണ്ടായി.

രൂപതയിലെ 13 ഫൊറോനകളിൽ നിന്നായി 170 ഓളം അംഗങ്ങൾ സംഗമത്തിൽ പങ്കെടുത്തു. രൂപത ആനിമേറ്റർ ബഹു. സി. ആനി തെരേസ് എല്ലാ ചടങ്ങുകളിലും നിറസാന്നിധ്യമായിരുന്നു. ഫൊറോന ആനിമേറ്റേഴ്സും എല്ലാ സഹകരണവും നൽകിക്കൊണ്ട് അമ്മമാർക്കൊപ്പം ഉണ്ടായിരുന്നു. രൂപതാ പ്രസിഡന്റ് ശ്രീമതി. മോളി സെബാസ്റ്റ്യൻ എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ട് പ്രസംഗിച്ചു. 3.30-ന് ഏകദിന സെമിനാർ അവസാനിപ്പിച്ച് ചായകുടിച്ച് ഭവനങ്ങളിലേക്ക് മടങ്ങി.

*Director*

# മദ്യവിരുദ്ധ സമിതി

*MVS 21/2026* **മദ്യശാലകളുടെ എണ്ണം ഘട്ടം ഘട്ടമായി കുറയ്ക്കണം**

കേരളത്തിലെ ലഹരിയുടെ ഉല്പാദനവും വിപണനവും ഉപയോഗവും കുറയ്ക്കുന്നതിന് പുതിയ മദ്യനയത്തിൽ ഘട്ടം ഘട്ടമായി മദ്യശാലകളുടെ എണ്ണം കുറച്ചു കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് കെ.സി.ബി.സി. മദ്യലഹരി വിരുദ്ധസമിതി കോതമംഗലം റീജിണൽ നേതൃത്വയോഗം ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. ഗ്രാമസഭകൾ വഴി തൂഫാൻ പ്രവർത്തനം വീടുകളിലേക്ക് എത്തിക്കുന്നതിനുള്ള ഗവൺമെന്റ് തീരുമാനത്തിന് യോഗം ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

കത്തീഡ്രൽ പാരീഷ്ഹാളിൽ നടന്ന യോഗം കെ.സി.ബി.സി. മദ്യലഹരി വിരുദ്ധ സമിതി സംസ്ഥാന മധ്യമേഖല പ്രസിഡന്റ് ജെയിംസ് കോറമ്പേൽ ഉദ്ഘാടനം ചെയ്തു. റീജിയണൽ പ്രസിഡന്റ് ജോയി പടയാട്ടിൽ അദ്ധ്യക്ഷത വഹിച്ചു. രൂപത ജനറൽ സെക്രട്ടറി ജോണി കണ്ണാടൻ, ജോസ് കൈതമന, മാർട്ടിൻ കീഴേമാടൻ, കെ.വി. ഏണസ്റ്റ്, മാത്യു ആന്റോ, പോൾ കൊങ്ങാടൻ, ജോർജ് കൊടിയാറ്റ്, സാജൻ അമ്പാട്ട്, ജോയി പനയ്ക്കൽ എന്നിവർ പ്രസംഗിച്ചു.

*MVS 22/2026* **സ്നേഹവിരുന്ന് അസ്സിസ്സി സ്നേഹാശ്രമത്തിൽ**

കെ.സി.ബി.സി മദ്യലഹരി വിരുദ്ധ സമിതി കോതമംഗലം റീജിയണൽ കമ്മിറ്റി ഫ്രാൻസിസ്ക്കൻ സിസ്റ്റേഴ്സ് ഓഫ് ദി ഡെസ്റ്റിട്യൂട്ട് കോതമംഗലം കോഴിപ്പിള്ളിയിൽ നടത്തുന്ന സ്നേഹാശ്രമം സന്ദർശിച്ച് രൂപത പ്രസിഡന്റ് ജെയിംസ് കോറമ്പേൽ ഭക്ഷണത്തിനുള്ള തുക മദർ സി. ബ്ലെസി മരിയക്കു കൈമാറി.

സി. പ്രഭ, സി. ജ്യോതി മരിയ, രൂപത സെക്രട്ടറി ജോണി കണ്ണാടൻ, ജോസ് കൈതമന, പോൾ കോങ്ങാടാൻ, ബിജു വെട്ടിക്കുഴ, പീറ്റർ ഇടപ്പുളവൻ, കെ വി എണസ്റ്റ്, സാജൻ അമ്പാട്ട് എന്നിവർ പങ്കെടുത്തു.

*Director*

# യുവദീപ്തി - K.C.Y.M

## *YD 17/2026* Meet the Leaders – Forane Visit

യുവദീപ്തി കെ.സി.വൈ.എം. കോതമംഗലം രൂപതയുടെ നേതൃത്വത്തിൽ Meet the Leaders – Forane Visit കോതമംഗലം ഫൊറോനയിൽ തുടക്കം കുറിച്ചു. രൂപതാ പ്രസിഡന്റ് മെൽബിൻ കുര്യാക്കോസ് അധ്യക്ഷപദം അലങ്കരിച്ച യോഗത്തിൽ രൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിൽ ഉദ്ഘാടന കർമ്മം നിർവഹിച്ചു. അസി. ഡയറക്ടർ ഫാ. ആന്റണി വിളയപ്പിള്ളിൽ, ആനിമേറ്റർ സി. റെറ്റി എഫ്. സി. സി, കോതമംഗലം ഫൊറോന ഡയറക്ടർ ഫാ. തോമസ് വിലങ്ങുപാറയിൽ, അസി. ഡയറക്ടർ തോമസ് മക്കോളിൽ, ഫൊറോനാ ആനിമേറ്റർ സി. മരിയാൻസി, ഫൊറോന പ്രസിഡന്റ് ജോമോൾ, രൂപതാ ഭാരവാഹികൾ, ഫൊറോന ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

ഒക്ടോബർ 4 ഞായറാഴ്ച വൈകിട്ട് 2.30-ന് നടന്ന പരിപാടിയിൽ ഫൊറോനയിലെ വിവിധ യൂണിറ്റുകളിൽ നിന്നുള്ള യുവജന നേതാക്കൾ പങ്കെടുത്തു. ഈ പരിപാടിക്ക് വേദിയൊരുക്കിയ  കോതമംഗലം യൂണിറ്റിനും കോതമംഗലം ഫൊറോനയ്ക്കും രൂപതാ സമിതിയുടെ നന്ദി.

## *YD 18/2026* ബോബി എം. പാലയ്ക്കൻ ബാഡ്മിന്റൺ ടൂർണമെന്റ്

മുൻ രൂപതാ ഭാരവാഹിയായിരുന്ന ബോബി എം. പാലയ്ക്കൻ അനുസ്മരണാർത്ഥം നടത്തിവരുന്ന ബാഡ്മിന്റൺ ടൂർണമെന്റിന്റെ ഫൊറോന തല മത്സരങ്ങൾ കൃത്യമായി പൂർത്തിയാക്കിയ ഫൊറോന നേതൃത്വങ്ങൾക്ക് രൂപത സമിതിയുടെ നന്ദി.

## *YD 19/2026* രൂപത തല മത്സരം

രൂപതാ തല മത്സരം നവംബർ 8 ഞായറാഴ്ച ഉച്ചയ്ക്ക് 12 മണി മുതൽ വാഴക്കുളം ലയൺസ് ക്ലബ് ഇൻഡോർ കോർട്ടിൽ വച്ച് നടത്തപ്പെടുന്നതാണ്.

**പ്രധാന നിർദ്ദേശങ്ങൾ**

ബോയ്സ് ഡബിൾസ്, ഗേൾസ് സിംഗിൾസ് എന്നിങ്ങനെ ആയിരിക്കും മത്സരങ്ങൾ നടക്കുക. 1995 മെയ് 1-നും 2011 മെയ് 1-നും ഇടയിൽ ജനിച്ചവർക്ക് പങ്കെടുക്കാം. ഫൊറോനാതല മത്സര വിജയികൾക്കാണ് ബോയ്സ് ഡബിൾസ് രൂപതാ തല മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കുക. ബോയ്സ് ഡബിൾസ് രൂപതാ തല മത്സരത്തിന്റെ രജിസ്ട്രേഷൻ ഫീസ് ₹400/- ആയിരിക്കും. ഗേൾസ് സിംഗിൾസ് രൂപത തല മത്സരങ്ങൾക്ക് യൂണിറ്റിൽ നിന്ന് എത്ര പേർക്കു വേണമെങ്കിലും പങ്കെടുക്കാവുന്നതാണ്. ഗേൾസ് സിംഗിൾസ് രൂപതാ തല മത്സരത്തിന്റെ രജിസ്ട്രേഷൻ ഫീസ് ₹200/- ആയിരിക്കും.
മറ്റ് വിവരങ്ങൾക്ക് : 85929 66425 (പ്രസിഡന്റ്)

*YD 20/2026* **ഭിന്നശേഷിക്കാർക്കും കിടപ്പുരോഗികൾക്കുമായി ഒരുക്കുന്ന 13-മത് അഭിഷേക ധ്യാനം YES LORD**

“കർത്താവേ, എന്നെ സുഖപ്പെടുത്തണമേ; അപ്പോൾ ഞാൻ സൗഖ്യമുള്ളവനാകും. എന്നെ രക്ഷിക്കണമേ; അപ്പോൾ ഞാൻ രക്ഷപെടും; അങ്ങു മാത്രമാണ് എന്റെ പ്രത്യാശ” (ജറെമിയാ 17 : 14).

കോതമംഗലം രൂപതയുടെ നേതൃത്വത്തിൽ നാടുകാണി സാൻജോ ഭവൻ ഭിന്നശേഷിക്കാർക്കും കിടപ്പുരോഗികൾക്കുമായി ഒരുക്കുന്ന 13-മത് അഭിഷേക ധ്യാനം YES LORD നവംബർ 26 വ്യാഴം വൈകിട്ട് 5.00 മുതൽ നവംബർ 29 ഞായർ ഉച്ചയ്ക്ക് 1.00 വരെ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്റർ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. ധ്യാനം നയിക്കുന്നത് ഫാ. ആന്റണി വിളയപ്പിള്ളിൽ & ടീം. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ താഴെ നൽകിയിരിക്കുന്ന ഏതെങ്കിലും നമ്പറുകളിൽ ബന്ധപ്പെടുക.

ഫാ. ആന്റണി വിളയപ്പിള്ളിൽ : 8078823782
കെ.സി.വൈ.എം : 9383429337
ജീസസ് യൂത്ത് : 8606109172
ലീലാമ്മ തോമസ് : 9544354748

*YD 21/2026* **അമ്മയ്ക്കരികിൽ - ജപമാല മാസാചരണം**

പരിശുദ്ധ അമ്മയോടൊപ്പം പ്രാർത്ഥിച്ച് ക്രിസ്തുവിനോട് കൂടുതൽ അടുക്കുക, ജപമാല മാസത്തിൽ പരിശുദ്ധ അമ്മയോട് കൂടുതൽ അടുത്തുചേർന്ന് യുവജനങ്ങൾ ആഴത്തിലുള്ള പ്രാർത്ഥനാജീവിതത്തിലേക്ക് വളരുക എന്നീ ലക്ഷ്യങ്ങൾക്കായി ഫൊറോന തലത്തിൽ വിവിധ യൂണിറ്റുകളെ ഒരുമിപ്പിച്ചുകൊണ്ട് ജപമാല മാസാചരണം ഭക്തിപൂർവ്വകമായും അർത്ഥവത്തായും ആഘോഷിച്ച എല്ലാം ഫൊറോനാ നേതൃത്വങ്ങൾക്കും പ്രത്യേകമായി ഫൊറോന ഡയറക്ടർ അച്ചന്മാർക്കും പ്രസിഡന്റുമാർക്കും രൂപതാ സമിതിയുടെ നന്ദി.

*Director*

## ജീസസ് യൂത്ത്

*JY 25/2026* **CPG , HOUSEHOLD**
**& The Seraphic Stage Zonal Night Vigil**

**Subzone Central Prayer Group**

കോതമംഗലം : ചൊവ്വാഴ്ചകളിൽ സെന്റ് ജോസഫ് അസൈലം ഹോം, കോതമംഗലം

തൊടുപുഴ : ബുധനാഴ്ചകളിൽ സെന്റ് സെബാസ്റ്റ്യൻ സ്കൂൾ, തൊടുപുഴ

നവംബർ മാസത്തെ ഹൗസ്ഹോൾഡ് കൂട്ടായ്മ 1-ാം തീയതി ഞായറാഴ്ച തൊടുപുഴ സബ് സോണിന്റേത് തൊടുപുഴ പാറ സാൻ പിയോ സെന്ററിൽ വച്ചും മൂവാറ്റുപുഴ സബ് സോണിന്റേത് സെന്റ് അഗസ്റ്റിൻസ് സ്കൂളിൽ വച്ചും കോതമംഗലം സബ് സോണിന്റേത് സെന്റ് ജോസഫ് അസൈലം ഹോമിൽ വച്ചും നടത്തപ്പെടുന്നതാണ്.

നവംബർ മാസത്തെ കോതമംഗലം സോണൽ നൈറ്റ് വിജിൽ 13-ാം തീയതി മൂവാറ്റുപുഴ നെസ്റ്റിൽ വച്ചു നടത്തപ്പെടുന്നതാണ്.

*JY 26/2026* **Teens Of Christ**

കോതമംഗലം സോണിലെ ടീൻസ് കുട്ടികൾക്കായുള്ള monthly gathering നവംബർ 14-ാം തീയതി, രണ്ടാം ശനിയാഴ്ച്ച മൂവാറ്റുപുഴ സെന്റ് അഗസ്റ്റിൻസ് സ്കൂളിൽ വച്ചു നടത്തപ്പെടുന്നതാണ്.

*JY 27/2026* **Campus One Day**

കോതമംഗലം സോണിലെ ക്യാമ്പസുകളിലെ കുട്ടികൾക്കായി സംഘടിപ്പിച്ച Campus Meet 26-ന്റെ അനുഭവങ്ങൾ പങ്കുവെക്കാൻ, ക്യാമ്പസ്സിൽ പഠിക്കുന്ന കുട്ടികളുടെ gathering ഒക്ടോബർ മാസം 24-ാം തീയതി കറുകടം മൗണ്ട് കാർമൽ കോളേജിൽ വച്ച് നടത്തപ്പെട്ടു.

*Animator*

## പ്രാർത്ഥനാഗ്രൂപ്പ്

*PG 12/2026* **കേരള കത്തോലിക്ക കരിസ്മാറ്റിക് നവീകരണ മുന്നേറ്റം KCSC കോതമംഗലം സോൺ.**

സബ്സോൺ സർവീസ് ടീം അംഗങ്ങൾക്കായുള്ള ഫോർമേഷൻ പ്രോഗ്രാം KCSC-യുടെ നേതൃത്വത്തിൽ ഒക്ടോബർ 14-ന് NESTT-ൽ വച്ച് വടന്നു. 65 ഓളം അംഗങ്ങൾ പങ്കെടുത്തു. പ്രെയർ ഗ്രൂപ്പ് ഡയറക്ടർ ഫാ. ആന്റണി വിളയപ്പിള്ളിൽ സ്വാഗതവും ബ്ര. ഷാജു ജോസഫ് നന്ദിയും പറഞ്ഞു. ഫാ. ജോൺസൺ തൗണ്ടിയിൽ KCSC കോഡിനേറ്റർ, ബ്ര. ഷാജി വൈക്കത്തുപറമ്പിൽ, ജോയിന്റ് കോഡിനേറ്റർ, ബ്ര. സാബു വർഗ്ഗീസ്, സെക്രട്ടറി, ബ്ര. രാജേഷ് പിട്ടാപ്പിള്ളി, KCSC മെമ്പർ, എന്നിവർ ക്ലാസ്സുകൾ നയിച്ചു.

*PG 13/2026* **വിളക്കന്നൂർ തീർത്ഥാടനം**

പ്രെയർ ഗ്രൂപ്പ് ഡയറക്ടർ ഫാ. ആന്റണി വിളയപ്പിള്ളിലിന്റെ ആത്മീയ നേതൃത്വത്തിൽ നവംബർ 6-ന് വൈകിട്ട് NESTT -ൽ നിന്നും പുറപ്പെട്ട് 7-ന് രാത്രി തിരിച്ചെത്തുന്നു.

*PG 14/2026* **ജപമാല മാസ ആചരണം**

ജപമാല മാസാചാരണത്തിന്റെ ഭാഗമായി കോതമംഗലം സോൺ അഖണ്ഡ ജപമാലമാസമായി ആചരിച്ചു. 8 സബ്സോണുകളിലും മുടങ്ങാതെ ജപമാലപ്രാർത്ഥന നടന്നു.

*PG 15/2026* **പ്രെയർ ഗ്രൂപ്പുകളുടെ പുനഃസംഘടന**

8 സബ്സോണുകളിലും പുതിയ സേവനസമിതി പൂർണ്ണമായും ശുശ്രൂഷകൾ ഏറ്റെടുത്തു. നവംബർ, ഡിസംബർ മാസങ്ങളിലായി പ്രെയർ ഗ്രൂപ്പുകളുടെ പുനഃസംഘടന നടത്താൻ ശ്രദ്ധിക്കുമല്ലോ.

*Director*

## St. Vincent De Paul Society

*SV20/2026* **തിരുനാൾ**

സൊസൈറ്റിയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. വിൻസെന്റ് ഡി പോൾ പുണ്യവാന്റെ തിരുനാൾ എല്ലാ പ്രവർത്തകാംഗങ്ങളും സമുചിതമായി ആഘോഷിച്ചു. ഇതിന്റെ ഭാഗമായി എല്ലാ അംഗങ്ങളും ചേർന്ന് വിൻസെൻഷ്യൻ പ്രതിജ്ഞ പുതുക്കുകയും ചെയ്തു.

*SV21/2026* **അർദ്ധ വാർഷിക സെമിനാറുകൾ**

14 AC -കളിലും പൂർത്തിയായി.

*SV22/2026* **ജപമാല മാസാചരണം**

ഒക്ടോബർ ജപമാല മാസാചരണം KRCC-യുടെ ആദിമുഖ്യ ത്തിൽ google meet -ൽ നടത്തപ്പെടുന്നു. കേരളത്തിലെ എല്ലാ CC-കളും ചേർന്നാണ് ജപമാല മാസം ആചരിക്കുന്നത്. ഒക്ടോബർ 11 -ന് കോതമംഗലം CC-യുടെ നേതൃത്വത്തിൽ വൈകിട്ട് 7.30-ന് നടക്കുന്ന ഓൺലൈൻ ജപമാല പ്രാർത്ഥനയിൽ കേരളത്തിലേയും പ്രത്യേകിച്ച് നമ്മുടെ സിസിയിലെയും മുഴുവൻ അംഗങ്ങളും ഭക്തിപൂർവ്വം പങ്കെടു ക്കുന്നുണ്ട്.

*SV23/2026* **ഓസാനം ഫെസ്റ്റ്**

പതിവുപോലെ യുവതയുടെ ആഘോഷമായ 'ഓസാനം ഫെസ്റ്റ്' ഈ വർഷവും നടത്തപ്പെടും.

*SV24/2026* **കോൺഫറൻസ് സന്ദർശനം**

ഈ വർഷത്തെ CC-യുടെ കോൺഫറൻസ് സന്ദർശനം നവംബർ ആദ്യാഴ്ച്ച ആരംഭിക്കുന്നതായിരിക്കും. 14 ആഴ്ച്ചകർ നീളുന്ന ഈ സൗഹൃദ സന്ദർശനത്തിന് മുൻപായി AC -കൾ അവരുടെ സന്ദർശനം പൂർത്തിയാക്കും. Visit -ന് ആവശ്യമായ രേഖകൾ കോൺഫറൻസുകൾ തയ്യാറാക്കാൻ വേണ്ട നിർദ്ദേശവും നൽകും. കുടുംബ സംഗമം, തീർത്ഥയാത്ര എന്നിവ കോൺഫറൻസുകൾ തന്നെ തീയതിയും സ്ഥലവും തീരുമാനിച്ച് നടപ്പാക്കുന്നതാണ്.

*SV25/2026* **സ്കോളർഷിപ്പുകൾ**

നാഷണൽ കൗൺസിൽ പഠനത്തിൽ മുൻപന്തിയിലുള്ള എന്നാൽ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികൾക്കു നൽകുന്ന സ്ക്കോളർഷിപ്പുകൾ (HES, TVTS) ക്കുള്ള ഗുണഭോക്തൃ തിരഞ്ഞെടുപ്പ് പൂർത്തിയായി.

Aggregation ലഭിക്കാനുള്ള കോൺഫറൻസുകളുടെ പൂരിപ്പിച്ച Form സൊസൈറ്റിയുടെ പാരീസിലുള്ള അന്തർദ്ദേശീയ ഭരണ കേന്ദ്രത്തിലേക്ക് അയക്കുന്നതായിരിക്കും.

*SV26/2026* **വിൻസെൻഷ്യൻ ഡയറി 2027**

2027 വിൻസെൻഷ്യൻ ഡയറി പുറത്തിറക്കാനുള്ള തയ്യാറെടുപ്പുകൾ ആരംഭിച്ചു.

*Director*

## കേരള ലേബർ മൂവ്മെന്റ്

*KLM 16/2026* **രൂപത നേതൃത്വ പരിശീലനം**

കേരള ലേബർ മൂവ്മെന്റ് രൂപതാ നേതൃത്വ പരിശീലന സെമിനാർ ഒക്ടോബർ 23 വെള്ളിയാഴ്ച മൂവാറ്റുപുഴ ഹോളി മാഗി ഓഡിറ്റോറിയത്തിൽ ചേർന്നു. ഡയറക്ടർ റവ. ഫാ. ജീവൻ മഠത്തിൽ അധ്യക്ഷത വഹിച്ച സെമിനാർ രൂപത വികാരി ജനറൽ മോൺ. റവ. ഡോ. വിൻ

സന്റ് നെടുങ്ങാട്ട് ഉദ്ഘാടനം ചെയ്തു. സംസ്ഥാന ഡയറക്ടർ റവ. ഫാ. അരുൺ വലിയതാഴത്ത് മുഖ്യപ്രഭാഷണവും ഫൊറോന വികാരി റവ. ഫാ. മാനുവൽ പിച്ചളക്കാട്ട് ആശംസ പ്രസംഗവും നടത്തി. സംസ്ഥാന പ്രസിഡന്റ് ശ്രീ. ജോസ് മാത്യു, ജനറൽ സെക്രട്ടറി ശ്രീ. ഡിക്സൺ മാണിക്ക്, ട്രഷറർ അഡ്വ. തോമസ് മാത്യു എന്നിവർ ക്ലാസ്സുകൾ നയിച്ചു.

*KLM 17/2026* **ഹോം കെയർ**

കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിലുള്ള പാലിയേറ്റീവ് ഹോം കെയർ സർവീസിന്റെ രൂപതാ സമിതി നവംബർ 2 ശനിയാഴ്ച നെസ്റ്റ് പാസ്റ്റർ സെന്ററിൽ ചേരും. പാലിയേറ്റീവ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ഇടവകകളിലേക്ക് വ്യാപിപ്പിക്കുന്നതിനുമുള്ള കർമ്മ പദ്ധതികൾക്ക് കമ്മിറ്റിയിൽ രൂപം നൽകും.

*Director*

## ഇൻഫാം

*INF 1/2026* **ഇൻഫാം കോതമംഗലം കാർഷിക ജില്ല അസംബ്ലി നവംബർ 6-ന് വാഴക്കുളത്ത്**

വാഴക്കുളം: ഇൻഫാം കോതമംഗലം കാർഷിക ജില്ല അസംബ്ലി 2026 നവംബർ 6 വെള്ളിയാഴ്ച നടത്തും. ഉച്ചകഴിഞ്ഞ് 3-ന് വാഴക്കുളം സെന്റ് ജോർജ് ഫൊറോന പള്ളി പാരിഷ് ഹാളിൽ ചേരുന്ന യോഗം ഇൻഫാം സംസ്ഥാന ഡയറക്ടർ ഫാ. ജോർജ് പൊട്ടയ്ക്കൽ ഉദ്ഘാടനം ചെയ്യും. കാർഷിക ജില്ല പ്രസിഡന്റ് റോയി വള്ളമറ്റം യോഗത്തിൽ അധ്യക്ഷത വഹിക്കും.

സംസ്ഥാന പ്രസിഡന്റ് ജോസ് എടപ്പാട്ട് അസംബ്ലി കോ-ഓർഡിനേറ്ററാകും. കാർഷിക ജില്ലയിലെ 40 യൂണിറ്റുകളിൽ നിന്നായി 200 പ്രതിനിധികൾ അസംബ്ലിയിൽ പങ്കെടുക്കും.

*Director*

# നെസ്റ്റ് പ്രോഗ്രാം

**Ph. 0485 - 2830033**

**November 2026**

| | |
|---|---|
| 1 | Unit Leaders Camp |
| 2-4 | Sacristans Retreat |
| 5-7 | Pre Marriage Course |
| 10 | Unarv |
| 13-15 | Extra Ordinary Ministers |
| 19-24 | Schoeanstatt Father's Retreat |
| 19-21 | Pre Marriage Course |
| 24 | Presbyterium |
| 26-29 | Yes Lord Retreat |

*Director*

# തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Kachiraparekudiyil Martin | **November** | 3 |
| Rev. Mgr. | Kanjirakombil Cherian | " | 5 |
| Rev. Fr. | Kallidukkil Zacharias | " | 5 |
| " | Kunnathu Scaria | " | 5 |
| " | Methippara Scaria | " | 5 |
| " | Punnamattathil Scaria | " | 5 |
| " | Kunnel Stanislaus | " | 13 |
| " | Pulprayil Stanley | " | 13 |
| " | Moolayil Andrews | " | 30 |

# രൂപതാദ്ധ്യക്ഷന്റെ ഡയറി

**സെപ്റ്റംബർ 2026**

28 ● പോത്താനിക്കാട് നീലനാൽ ജോബി-അനിത ദമ്പതികളുടെ നാലാമത്തെ കുട്ടിക്ക് പ്രവേശക കൂദാശകൾ നല്കി.

29 ● ആരക്കുഴ CMC മഠത്തിൽ നവീകരിച്ച ബലിപീഠം പുനർകൂദാശ ചെയ്തു.

● മൂവാറ്റുപുഴ നെസ്റ്റിൽ നടന്ന വൈദികരുടെ പഠന ശിബിരത്തിൽ പങ്കെടുത്തു.

● മാർ മാത്യു പോത്തനാമുഴി മെമ്മോറിയൽ ഭവന നിർമ്മാണ പദ്ധതിയിൽ പൂർത്തീകരിക്കപ്പെടുന്ന 100-ാമത്തെ ഭവനത്തിനുള്ള ധനസഹായം മൂവാറ്റുപുഴ നെസ്റ്റിൽ നടന്ന വൈദിക സമ്മേളനത്തിൽ കൈമാറി.

30 ● CMC പ്രൊവിൻഷ്യൽ ഹൗസിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

**ഒക്ടോബർ 2026**

01 ● വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് CST മൈനർ സെമിനാരിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

● പൂയംകുട്ടി പള്ളിയിൽ പ്ലാക്കൂട്ടത്തിൽ ഡോൺ-എയ്ഞ്ചൽ ദമ്പതികളുടെ കുട്ടിക്ക് പ്രവേശക കൂദാശകൾ നൽകി.

● മാറാടി പള്ളിയിൽ വലിയമറ്റത്തിൽ വി. യു. കുര്യാക്കോസിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമികത്വം വഹിച്ചു.

02 ● കോട്ടയം ക്രിസ്തുരാജാ കത്തീഡ്രലിൽ അഭിവന്ദ്യ തോമസ് ആനിമൂട്ടിൽ പിതാവിന്റെ മെത്രാഭിഷേക കർമ്മത്തിൽ പങ്കുചേർന്നു.

03 ● കോതമംഗലം CMC മഠത്തിൽ വി. കുർബാന അർപ്പിച്ചു.

04 ● വിശുദ്ധ ഫ്രാൻസീസ് അസ്സീസിയുടെയും വിശുദ്ധ കാർലോ അക്യൂറ്റിസിന്റെയും തിരുനാളിനോടനുബന്ധിച്ച് തൊടുപുഴ

സെന്റ് സെബാസ്റ്റ്യൻ ഫൊറോന പള്ളിയിൽ വി. കുർബാന അർപ്പിച്ചു.

- തൊടുപുഴ സെന്റ് സെബാസ്റ്റ്യൻ പള്ളിയിൽ സീറോ മലബാർ മിഷൻ മാസാചരണത്തിന്റെ രൂപതാതല ഉദ്ഘാടനം നിർവഹിച്ചു.

05 • വി. ഫ്രാൻസിസ് അസീസിയുടെ തിരുനാളിനോടനുബന്ധിച്ച് വാഴപ്പിള്ളി ലൊറേറ്റോ ആശ്രമത്തിൽ വി. കുർബാന അർപ്പിച്ചു.

- മുതലക്കോടം പള്ളിയിൽ തുറക്കൽ റിജോ - അന്ന ദമ്പതികളുടെ നാലാമത്തെ കുട്ടിക്ക് പ്രവേശക കൂദാശകൾ നൽകി.

06 • കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ജീവ എഡ്യുക്കേഷൻ സ്കീം വഴി 25 ലക്ഷം രൂപയുടെ വിദ്യാഭ്യാസ സഹായം ബിഷപ്സ് ഹൗസിൽ ചേർന്ന യോഗത്തിൽ വിതരണം ചെയ്തു.

- SD സഭാംഗമായ സി. കനോസ തളിയന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് രാമല്ലൂർ മഠത്തിൽ വി. കുർബാനയർപ്പിച്ചു.

08 • ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിനോടൊത്ത് കോതമംഗലം MSJ ജനറലേറ്റിൽ വി. കുർബാനയ്ക്ക് കാർമികത്വം വഹിച്ചു.

09 • നെല്ലിമറ്റം പള്ളിയിൽ ഉരുളിയാനിക്കൽ ബാബുവിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമികത്വം വഹിച്ചു.

10 • മാനസികാരോഗ്യ ദിനത്തോടനുബന്ധിച്ച് പൈങ്കുളം SH ആശുപത്രിയിൽ വി. കുർബാന അർപ്പിക്കുകയും തുടർന്ന് നടന്ന സമ്മേളനത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയും ചെയ്തു.

- വാഴക്കുളം കാർമ്മൽ പബ്ലിക് സ്കൂളിൽ നടന്ന CRI മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.
- മൂവാറ്റുപുഴ നെസ്റ്റിൽ നടന്ന ജൂബിലി ദമ്പതി സംഗമം ഉദ്ഘാടനം ചെയ്യുകയും ദമ്പതികൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയും ചെയ്തു.

- മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ നടന്ന ബഹു. മാത്യു നായ്ക്കംപറമ്പിൽ അച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കുചേർന്ന് ആശംസകൾ അറിയിച്ചു.

11 • കോഴിപ്പിള്ളി മാർ മാത്യു ബോയ്സ് ടൗൺ കപ്പേളയിൽ വി. കുർബാന അർപ്പിക്കുകയും കുട്ടികളെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും ചെയ്തു.

- കോതമംഗലം കത്തീഡ്രൽ പള്ളിയിൽ നെല്ലിക്കൽ കെവിൻ - ഡാനി എന്നിവരുടെ വിവാഹം ആശീർവദിച്ചു.

12 • നാകപ്പുഴ പള്ളിയിൽ വട്ടക്കുന്നേൽ മത്തായി പൈലിയുടെ മൃത സംസ്കാര ശുശ്രൂഷയ്ക്ക് കാർമികത്വം വഹിച്ചു.

- തിരുഹൃദയ സന്യാസിനീ സഭാംഗമായ സി. ജോസ് മേരി കുറ്റി യാനിയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മൈലക്കൊമ്പ് മഠത്തിൽ കാർമികത്വം വഹിച്ചു.

- CMC സഭാംഗമായ സി. കുസും മുട്ടംതൊട്ടിയിലിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കുറുപ്പംപടി പള്ളിയിൽ കാർമികത്വം വഹിച്ചു.

13 • കോലടി പള്ളിയിൽ ചാത്തോളിൽ ജോസിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമികത്വം വഹിച്ചു.

- മാർ എഫ്രേം തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നടന്ന ദൈവശാസ്ത്ര കോഴ്സുകളുടെ ബിരുദദാനം കോതമംഗലം CSN പ്രൊവിൻഷ്യൽ ഹൗസിൽ നിർവഹിച്ചു.

14 • കോട്ടപ്പടി MSJ മഠത്തിൽ നവീകരിച്ച ബലിപീഠത്തിന്റെ പുനർകൂദാശ നടത്തി.

15 • മീങ്കുന്നം പള്ളിയിൽ കുഴികണ്ണിയിൽ റോണി-അമൃത എന്നിവരുടെ വിവാഹം ആശീർവദിച്ചു.

20 • റോമിൽ നടന്ന കത്തോലിക്കാ കോൺഗ്രസിന്റെ ഗ്ലോബൽ മീറ്റിംഗിൽ പങ്കെടുത്തു.

21 ● റോമിലെ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ നടന്ന പരിശുദ്ധ ലെയോ പതിനാലാമൻ പാപ്പയുടെ പേപ്പൽ ഓഡിയൻസിൽ പങ്കെടുക്കുകയും തുടർന്ന് പരി. പിതാവുമായി അഭിമുഖ സംഭാഷണം നടത്തുകയും ചെയ്തു.

22 ● കോതമംഗലം രൂപതാംഗമായ ഫാ. ചെറിയാൻ വാരികാട്ടിന്റെ അനുസ്മരണാർത്ഥം ഇറ്റലിയിലെ മൊന്തെലാനിക്കോ സാൻ പിയെത്രോ പള്ളിയിൽ വി. കുർബാന അർപ്പിച്ച് അനുസ്മരണ സന്ദേശം നൽകി.

● ഇറ്റലിയിൽ കോതമംഗലം രൂപതാംഗങ്ങളായ വൈദികരുടെയും സമർപ്പിതരുടെയും സംഗമത്തിൽ പങ്കെടുത്തു.

23 ● റോമിൽ നടന്ന ജീസസ്സ് യൂത്തിന്റെ ആഗോള കൂട്ടായ്മയിൽ പങ്കെടുത്ത് വി. കുർബാന അർപ്പിച്ചു.

25 ● ഇറ്റലിയിലെ പോംപെയിൽ സീറോ മലബാർ വിശ്വാസികളുടെ ആഭിമുഖ്യത്തിൽ നടന്ന മരിയൻ തീർത്ഥാടനത്തിൽ പങ്കെടുത്തു.

## Bishop's Engagements

### November 2026

| | | | |
|---|---|---|---|
| 02 | Mon | Blessing of New Block | H.F. Hospital Muthalakodam |
| | | Holy Qurbana | MSJ Provincial House |
| 03 | Tue | Jubilee | Bharananganam |
| 04 | Wed | Meeting with Provincial Superiors | Kothamangalam |
| 05 | Thu | Inauguration | Kothamangalam |
| 06 | Fri | Holy Qurbana | Kunnanthanam |
| 07 | Sat | Jubilee | Marika |

| | | | |
|---|---|---|---|
| 12 | Thu | Silver Jubilee Meeting | Paingottoor |
| | | Holy Qurbana | MSJ Provincial House |
| 14 | Sat | Holy Qurbana | Vilakkannoor |
| 20 | Fri | Holy Qurbana | Rajakkad |
| 21 | Sat | Ordination | Anicad |
| | | Holy Qurbana | SD Provincial House |
| 22 | Sun | Blessing of Renovated Church | Purapuzha |
| 25 | Wed | Regional Recollection | Alapuzha |
| 26 | Thu | Presbyterium | Muvattupuzha |
| | | Jubilee | Sobhana Public School Kothamangalam |
| 28 | Sat | Holy Qurbana | FCC Provincial House |
| | | Sacraments of Invitation | Kadavoor |
| 30 | Mon | Jubilee of Mar Andrews Thazhath | Thrissur |

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. ജോർജ് പിട്ടാപ്പിള്ളിൽ | ചരമദിനം | 01-12-1982 |
| ഫാ. സെബാസ്റ്റ്യൻ നീരോലിക്കൽ | ,, | 04-12-1995 |
| ഫാ. മാത്യു കല്ലുങ്കൽ | ,, | 11-12-2011 |
| ഫാ. ചെറിയാൻ വേരനാനി | ,, | 13-12-1998 |
| ഫാ. സേവ്യർ ചുണ്ടാട്ട് | ,, | 17-12-1994 |
| ഫാ. ജോർജ് പുത്തോട്ട് | ,, | 20-12-2007 |
| ഫാ. തോമസ് തുടിയൻപ്ലാക്കൽ | ,, | 23-12-2003 |
| ഫാ. സിറിയക് അമന്തുരുത്തിയിൽ | ,, | 27-12-1990 |
| ഫാ. സേവ്യർ പാറങ്കിമാലിൽ | ,, | 31-12-1998 |

# നിര്യാതരായി

## സി. കനോസ തളിയൻ SD

| | | |
|---|---|---|
| ഇടവക | - | തുറവൂർ |
| ജനനം | - | 15-05-1933 |
| പ്രഥമവ്രതം | - | 06-01-1955 |
| നിത്യവ്രതം | - | 02-05-1960 |
| മരണം | - | 04-10-2026 |
| മൃതസംസ്കാരം | - | 06-10-2026 |

## സി. ജോസ് മേരി കുറ്റിയാനി SH

| | | |
|---|---|---|
| ഇടവക | - | തൊടുപുഴ |
| ജനനം | - | 21-10-1930 |
| പ്രഥമവ്രതം | - | 02-05-1959 |
| നിത്യവ്രതം | - | 02-05-1962 |
| മരണം | - | 10-10-2026 |
| മൃതസംസ്കാരം | - | 12-10-2026 |

## സി. എലിസബത്ത് ഞറളക്കാട്ട് SABS

| | | |
|---|---|---|
| ഇടവക | - | ആരക്കുഴ |
| ജനനം | - | 06-01-1950 |
| പ്രഥമവ്രതം | - | 24-04-1968 |
| നിത്യവ്രതം | - | 03-05-1977 |
| മരണം | - | 19-10-2026 |
| മൃതസംസ്കാരം | - | 20-10-2026 (മാറിക) |

# സി. അമാലിയ നിരപ്പേൽ SH

| | | |
|---|---|---|
| ഇടവക | - | വെള്ളിയാമറ്റം |
| ജനനം | - | 10-11-1948 |
| പ്രഥമവ്രതം | - | 02-05-1970 |
| നിത്യവ്രതം | - | 02-05-1975 |
| മരണം | - | 23-10-2026 |
| മൃതസംസ്കാരം | - | 25-10-2026 |

ജൂബിലി ദമ്പതി സംഗമം 2026, ഒക്ടോബർ പത്തിന് മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ നടന്നു.

സിറോ മലബാർ ഗ്ലോബൽ മാതൃവേദിയുടെ 2025 - 26 പ്രവർത്തന വർഷത്തിലെ മികച്ച പ്രവർത്തനങ്ങൾക്കുള്ള എക്സലൻസ് അവാർഡ് ഹോസൂർ രൂപതാധ്യക്ഷൻ മാർ സെബാസ്റ്റ്യൻ പോഴോലിപ്പറമ്പിൽ കോതമംഗലം രൂപത മാതൃവേദിയുടെ ഭാരവാഹികൾക്ക് കൈമാറുന്നു.

കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയുടെയും ജീവാമിൽക്കിന്റെയും നേതൃത്വത്തിൽ നടക്കുന്ന മാർ മാത്യു പോത്തനാമുഴി മെമ്മോറിയൽ ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി നൂറാമത്തെ ഭവനത്തിന്റെ നിർമ്മാണത്തിനുള്ള സഹായധനം നൽകുന്നു

Deivarajyam
November 2026

R.N.7623/63
Registered No: KL/ALY/0020/2023-2025
Date of Publication: 01/11/2026
Annual Subscription ₹500

# EPARCHY OF KOTHAMANGALAM

Bishop's House P.B No.6 Kothamangalam - 686 691
Kerala, India
www.dioceseofkothamangalam.org

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691